# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/220/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയതി: 03/03/2023
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

ചെയർപേഴ്സൺ (സെക്രട്ടറി മുഖേന)
തിരുവള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.കെ.ഡി.പി5/220/2023 തീയ്യതി: 03/03/2023

## കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 11-10-2021 മുതൽ 30-01-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയെങ്കിലും മറുപടി ലഭ്യമായിട്ടില്ല.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. കെ.പി രതസിംഗ് | ഡെപ്യൂട്ടി ഡയരക്ടർ | 31-01-2023 | 08-02-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 31-01-2023 | 08-02-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീ.ബാലകൃഷ്ണൻ കെ.എം, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
2.ശ്രീ.ജയകുമാർ പാലോളി,അസി.ഓഡിറ്റ് ഓഫീസർ,
3.ശ്രീ.ദേവാനന്ദ് ടി,സീനി.ഗ്രേ.ഓഡിറ്റർ,
4. ശ്രീ.വിജേഷ് കെ.കെ, ഓഡിറ്റർ,

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി സബിത മണക്കനി | ചെയർപേഴ്സൺ | 01-04-2021 | 31-03-2022 |
| ശ്രീമതി സിന്ധു പി.ജി | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ. ശശിധരൻ നെല്ലോളി | അസി.സെക്രട്ടറി | 01-04-2021 | 22-07-2021 |
| ശ്രീ. രാജൻ പി.പി | അസി.സെക്രട്ടറി | 23-07-2021 | 31-03-2022 |
| ഡോ.ഉഷ | മെഡിക്കൽ ഓഫീസർ,സി.എച്ച്.സി | 01-04-2021 | 31-03-2022 |
| ഡോ.റുബീന | മെഡിക്കൽ ഓഫീസർ,ഗവ. ആയുർവ്വേദ ആശുപത്രി | 01-04-2021 | 31-03-2022 |
| ഡോ.ജയന | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ. സുനിൽകുമാർ | വെറ്ററിനറി സർജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി സോന എം ചന്ദ്ര | അസി.എഞ്ചിനീയർ | 01-04-2021 | 28-07-2021 |
| ശ്രീമതി വിൻസി വിജയൻ | അസി.എഞ്ചിനീയർ | 29-07-2021 | 17-09-2021 |
| ശ്രീമതി അഞ്ജലി ടി.പി | അസി.എഞ്ചിനീയർ | 18-09-2021 | 25-11-2021 |
| ശ്രീമതി നിഖില ടി | അസി.എഞ്ചിനീയർ | 26-11-2021 | 31-03-2022 |
| ശ്രീമതി പ്രതിഭ | എച്ച്.എം,ജി.എം.യു.പി.സ്കൂൾ | 01-04-2021 | 27-10-2021 |
| ശ്രീമതി രതി കുന്നത്ത് | എച്ച്.എം,ജി.എം.യു.പി.സ്കൂൾ | 28-10-2021 | 05-12-2021 |
| ശ്രീ. അസീസ് | എച്ച്.എം,ജി.എം.യു.പി.സ്കൂൾ | 06-12-2021 | 31-03-2022 |
| ശ്രീ ജോണി | വി.ഇ.ഒ,കോട്ടപ്പള്ളി സർക്കിൾ | 01-04-2021 | 31-03-2022 |

| | | | |
|---|---|---|---|
| ശ്രീ ബിജിത്ത്കുമാർ പി | വി.ഇ.ഒ, തിരുവല്ലൂർ സർക്കിൾ | 01-04-2021 | 24-10-2021 |
| ശ്രീ.മുഹമ്മദ് ഷഹീർ | വി.ഇ.ഒ, തിരുവല്ലൂർ സർക്കിൾ | 25-10-2021 | 31-03-2022 |
| ശ്രീമതി സുജല ടി.കെ | ഐ.സി.ഡി.എസ് സൂപ്പർ വൈസർ | 01-04-2021 | 31-03-2022 |
| ശ്രീമതി വിജയലക്ഷ്മി | കൃഷി ഓഫീസർ | 01-04-2021 | 27-10-2021 |
| ശ്രീമതി അഖില | കൃഷി ഓഫീസർ | 28-10-2021 | 31-03-2022 |
| ശ്രീ. അനിൽകുമാർ | ഫിഷറീസ് ഇൻസ്പെക്ടർ | 01-04-2021 | 31-03-2022 |
| ശ്രീ.മഹേഷ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 04-07-2021 |
| ശ്രീമതി അഞ്ജന | ഡയറി ഫാം ഇൻസ്ട്രക്ടർ | 05-07-2021 | 14-12-2021 |
| ശ്രീ.വിഷ്ണുരാജ് കെ | ഡയറി ഫാം ഇൻസ്ട്രക്ടർ | 15-12-2021 | 31-03-2022 |

.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-3-1 |
| 5 | പദ്ധതി അവലോകനം | 1-4 |
| 6 | ആഭ്യന്തര നിയന്ത്രണം | 1-5 |
| 7 | വാർഷിക കണക്കിലെ അപാകതകൾ | 1-6 |
| 8 | സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു | 1-7 |
| 9 | വസ്തുനികുതി പിരിവ് - കലക്ഷൻ രജിസ്റ്ററും അടവ് വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല | 1-8 |
| 10 | പഞ്ചായത്തീരാജ് നിയമപ്രകാരം ഇളവുള്ള സ്ഥാപനങ്ങൾക്കും വസ്തുനികുതി ചുമത്തുന്നു. | 1-9 |
| 11 | വീട് വാസയോഗ്യമാക്കൽ പദ്ധതി(എസ്.സി) -സമയബന്ധിതമായി പൂർത്തിയാകുന്നില്ല. | 1-10 |
| 12 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് -ഒരു ഗുണഭോക്താവിന് അധികം തുക നൽകി | 1-11 |
| 13 | പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല. | 1-12 |
| 14 | കറവപശുക്കൾക്ക് കാലിതീറ്റസബ്സിഡി -ധനസഹായം ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി നൽകിയില്ല. | 1-13 |
| 15 | കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ ലേസർ പ്രിന്റർ,ലാപ്പ്ടോപ്പുകൾ എന്നിവ ലഭിച്ചില്ല. | 1-14 |
| 16 | കുടിവെള്ള വിതരണം ചെയ്യൽ പദ്ധതി -വാഹനത്തിന്റെ ലോഗ്ബുക്കുമായി ഒത്തുനോക്കാതെ ദൂരംകണക്കാക്കി | 1-15 |
| 17 | തെരുവ് വിളക്ക് എ.എം.സി പദ്ധതി നടത്തിപ്പിലെ അപാകതകൾ | 1-16 |
| 18 | ഫെസ്റ്റിവൽ അഡ്വാൻസ് മുതൽക്കുട്ടിയില്ല | 1-17 |
| 19 | കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കുട്ടിയില്ല | 1-18 |
| 20 | സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ യൂണിഫോം അലവൻസ് നൽകി | 1-19 |
| 21 | ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച | 1-20 |
| 22 | എൻ ആർ ഇ ജി എസ്-അളവുപുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 1-21 |
| 23 | മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി | 1-22 |

| | | |
|---|---|---|
| | തിരികെ നൽകി | |
| 24 | എ.കെ.ജി കുളത്തൂർ റോഡ് പ്രവൃത്തി - അപാകതകൾ | 1-23 |
| 25 | നിയമോപദേശത്തിന് അനുവദനീയമായതിനേക്കാൾ കൂടുതൽ ഫീസ് നൽകി | 1-24 |
| 26 | കിണർ കുഴിക്കുന്നതിനുള്ള അനുമതി - കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല | 1-25 |
| 27 | പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതിൽ വീഴ്ച | 1-26 |
| 28 | മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല | 1-27 |
| 29 | തുമ്പോളി മുക്ക് കുടിവെള്ള സപ്ലൈ-പൂർത്തീകരണം -ബില്ലിൽ കൂടിയ നിരക്ക് നൽകി | 1-28 |
| 30 | ഓഫീസ് സ്റ്റേഷനറിയുടെ വിതരണം സംബന്ധിച്ച വിവരങ്ങളില്ല | 1-29 |
| 31 | സംയുക്തപരിശോധന നടത്താതെ വെള്ളക്കരം അടവാക്കിയത് മൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം | 1-30 |
| 32 | ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയ്ക്ക് ഫോം വർക്കിനുള്ള ഡാറ്റ പ്രകാരം എസ്റ്റിമേറ്റ് എടുക്കുകയും തുക നൽകുകയും ചെയ്തു. | 1-31 |
| ഭാഗം **2** | | |
| --- No Records Found --- | | |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 സാമ്പത്തിക വർഷത്തെ ബജറ്റ് 16.02.2021ലെ 1/1 നമ്പർ തീരുമാന പ്രകാരവും, പുതുക്കിയ ബജറ്റ് 26.03.2022ലെ 2/1 നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രകാരം | വാർഷിക കണക്ക് പ്രകാരം | വത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 15064161 | 15351585 | + 287424 |
| വരവ് | 281229040 | 104287999 | - 176941041 |
| ആകെ | 296293201 | 119639584 | - 176653617 |
| ചെലവ് | 286940040 | 96923086 | - 190016954 |
| നീക്കിയിരിപ്പ് | 9353161 | 22716498 | + 13363337 |

യാഥാതർത്ഥ്യ ബോധത്തോടെയല്ല ബജറ്റ് തയ്യാറാക്കിയിരിക്കുന്നത് എന്നാണ് ബജറ്റിലെയും വാർഷിക കണക്കിലെയും തുകകൾ തമ്മിലുള്ള വലിയ അന്തരത്തിൽ നിന്ന് വ്യക്തമാകുന്നത്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2022 | 12.05.2022 |

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,53,51,585 |
| ഓഡിറ്റ് വർഷത്തെ വരവ് | 10,42,87,999 |
| ആകെ | 11,96,39,584 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 9,69,23,086 |
| നീക്കിയിരിപ്പ് | 2,27,16,498 |

## 1-3-1 ഫണ്ട് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ചെലവഴിക്കാത്ത തുക |
|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) (ACRപ്രകാരം) | 0 | 19985223 | 19985223 | 19549021 | 436202 |
| വികസന ഫണ്ട് (എസ് സി പി) (ACRപ്രകാരം) | 0 | 3031000 | 3031000 | 3030673 | 327 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 1741412 | 1741412 | 1501829 | 239583 |
| വികസന ഫണ്ട് - സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) ട്രഷറി മുഖേന | 0 | 6722061 | 6722061 | 1078358 | 5643703 |
| വികസന ഫണ്ട്- സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 4008000+55785 (പലിശ) | 4063785 | 3288603 | 775182 |
| വികസന ഫണ്ട് - സെൻട്രൽ | 0 | 6012000 | 6012000 | 999000 | 5912100 |

| | | | | | |
|---|---|---|---|---|---|
| ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied) PFMS മുഖേന | | | | | |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 10962645 | 10962645 | 8988497 | 1974148 |
| മെയിന്റനൻസ്, നോൺ - റോഡ് (ACRപ്രകാരം) | - | 7331343 | 7331343 | 2888747 | 4442596 |
| എം.ജി.എൻ. ആർ.ഇ.ജി.എസ് (അഡ്മിനിസ്ട്രേറ്റീവ് ചെലവ്) | 931321 | 1203057 | 2134378 | 2134378 | 2 |
| എം.പി. ഫണ്ട് | 27586 | 830 | 28416 | 0 | 28416 |
| ഐ.സി. ഡി.എസ് | 211855 | 1496113 | 1707968 | 1323323 | 384645 |
| ശുചിത്വ മിഷൻ ഫണ്ട് | 4070489 | - | 4070489 | - | 4070489 |

## 1-4 പദ്ധതി അവലോകനം

57 സ്പിൽഓവർ പ്രോജക്ടുകൾ ഉൾപ്പെടെ തൻവർഷം 177 പ്രോജക്ടുകൾക്ക് അംഗീകാരം ലഭിച്ചതിൽ 147 പ്രോജക്ടുകൾ നടപ്പിലാക്കി. 31 പ്രോജക്ടുകൾ നടപ്പിലാക്കിയില്ല. ആകെ 9,70,32,690/- രൂപ പദ്ധതിയിനത്തിൽ വകയിരുത്തിയതിൽ 5,52,16,978/- രൂപയാണ് ചെലവഴിച്ചത്. വിവിധ ഫണ്ടിനങ്ങൾ ചെലവഴിച്ച തുകയുടെ വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു.

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 0 | 19985223 | 19985223 | 19549021 | 436202 | 97.82 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.എസ്.പി) | 0 | 3031000 | 3031000 | 3030673 | 327 | 99.99 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) ട്രഷറി മുഖേന | 0 | 1741412 | 1741412 | 1501829 | 239583 | 86.24 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)ട്രഷറി മുഖേന | 0 | 6722061 | 6722061 | 1078358 | 5643703 | 16 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Untied) PFMS മുഖേന | 0 | 4063785 | 4063785 | 3288603 | 775182 | 80.92 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (Tied)PFMS മുഖേന | 0 | 6012000 | 6012000 | 99900 | 5912100 | 1.66 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | 0 | 10962645 | 10962645 | 8988497 | 1974148 | 81.99 |
| മെയിന്റനൻസ്, നോൺ – റോഡ് | 0 | 7331343 | 7331343 | 2888747 | 4442596 | 39.4 |
| ആകെ | 0 | 59849469 | 59849469 | 40425628 | 19423841 | 67.55 |

7092856 കോടി രൂപ ചെലവഴിക്കാതെ ലാപ്സാക്കി

തൻവർഷം പദ്ധതി വിഹിതമായി ലഭിച്ച തുകയിൽ 67.55 ശതമാനം മാത്രമാണ്

ചെലവഴിച്ചത്. വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് എന്നീ ഇനങ്ങളിൽ 70,92,856/- രൂപ തൻവർഷം ചെലവഴിക്കാതെ ലാപ്സാക്കിയിട്ടുണ്ട്. അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പിലാക്കാത്തതും ലഭിച്ച ഫണ്ട് മുഴുവൻ ചെലവാക്കാത്തതും കാരണം പൊതുജനങ്ങൾക്ക് ലഭിക്കേണ്ട സേവനം യഥാസമയം ലഭിക്കാതിരിക്കുന്നതിനും ലഭിച്ച ഫണ്ട് നഷ്ടപ്പെടുന്നതിനും ഇടയാക്കി. അംഗീകാരം ലഭിച്ച മുഴുവൻ പദ്ധതികളും നടപ്പിലാക്കുന്നുവെന്നും ലഭിച്ച തുക മുഴുവൻ ചെലവാക്കുന്നുവെന്നും ഭാവിയിൽ ഉറപ്പു വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും ആവശ്യമായ ഇടപെടൽ നടത്തേണ്ടതാണ്.

അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പ്രൊജക്ടുകൾ നടപ്പിലാക്കി

അന്തിമ പദ്ധതിരേഖ പരിശോധിച്ചതിൽ 93 പുതിയ പ്രോജക്ടുകൾക്ക് 2021-22 വർഷം വികസന സെമിനാറിൽ അംഗീകാരം നൽകിയിട്ടുണ്ട്. എന്നാൽ ഐ.കെ.എം ചെലവ് പത്രിക പ്രകാരം 120 പുതിയ പ്രൊജക്ടുകൾക്ക് അംഗീകാരം ലഭിച്ചതായി കാണുന്നു. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പ്രോജക്ടുകൾക്കും അംഗീകാരം ലഭിച്ചതായി കാണുന്നു. ഗ്രാമസഭയുടെ അംഗീകാരം നേടിയ പദ്ധതികളാണ് അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെട്ടിരിക്കുന്നത്. അന്തിമ പദ്ധതി രേഖയിൽ ഉൾപ്പെടാത്ത പദ്ധതികൾ നടപ്പാക്കുന്നത് ജനകീയാസൂത്രണത്തിന്റെ അടിസ്ഥാന സങ്കൽപ്പങ്ങൾക്കും 09.01.2017ലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 10/2017 ലെ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾക്കും എതിരാണ്. അപാകതകൾക്ക് വിശദീകരണം നൽകേണ്ടതാണ്.

1-5 ആഭ്യന്തര നിയന്ത്രണം

മേൽനോട്ട ചുമതല വഹിക്കുന്ന ഓഫീസർമാർ ചുമതല നിർവ്വഹിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. വിവരാവകാശ രജിസ്റ്റർ, ഭൂസ്വത്ത് രജിസ്റ്റർ, ആസ്തി രജിസ്റ്റർ, പരാതി രജിസ്റ്റർ എന്നിവ പൂർണമല്ല. പുഴ പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. പഞ്ചായത്ത് അധീനതയിലുള്ള മുഴുവൻ ഭൂമിയുടെയും ആധാരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. പഞ്ചായത്ത് ഭൂമിക്ക് നികുതി ഒടുക്കുന്നില്ല. വിവരാവകാശ രജിസ്റ്റർ, സ്യൂട്ട്

രജിസ്റ്റർ എന്നിവ മേലുദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ട് അപൂർണമാണ്. കാലികമായ മാറ്റങ്ങൾ ഉൾപ്പെടുത്താതെയാണ് 2021-22 വർഷത്തെ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയത്. ഉദാഹരണമായി 15 കിലോമീറ്റർ നീളത്തിൽ മെറ്റൽറോഡും 25 കിലോമീറ്റർ മാത്രം മൺറോഡും നിലവിലുള്ളതായി 2021-22 ലെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നു. കലുങ്ക്, പാലങ്ങൾ എന്നിവയുടെ വിവരങ്ങൾ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഇല്ല. സ്റ്റാറ്റസ് റിപ്പോർട്ട് നിലവിലുള്ള അവസ്ഥയുടെ വിവരങ്ങൾ നൽകുന്നില്ലയെന്ന മാത്രമല്ല പല വിവരങ്ങളും ജനകീയാസൂത്രണം ആരംഭിച്ച കാലത്തുള്ളതാണ് എന്നാണിത് വ്യക്തമാക്കുന്നത്. എൻ.ആർ.ഇ.ജി.എസ് പദ്ധതിക്കായി വിതരണം ചെയ്തതും ഉപയോഗപ്പെടുത്തിയതുമായ അളവുപുസ്തകങ്ങളുടെ പരിപാലനത്തിൽ അപാകത കാണുന്നു. ഓഫീസ് സ്റ്റോക്കിൽ നിന്നും വിതരണം ചെയ്ത അളവുപുസ്കങ്ങൾക്ക് എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതും വിതരണം ചെയ്ത അളവുപുസ്കങ്ങൾ ഏത് പ്രവൃത്തിക്ക് എന്ന് രേഖപ്പെടുത്താത്തതും അപാകതയാണ്.

ഔട്ട് ഡോർ കളക്ഷൻ രശീതുകൾക്ക് കളക്ഷൻ രജിസ്റ്റർ സൂക്ഷിക്കാത്ത സ്ഥിതിയും കാണുന്നുണ്ട്. ഉദാഹരണമായി 28.10.2021ലെ 15929 നമ്പർ രസീത് ബുക്ക് പ്രകാരമുള്ള കളക്ഷൻ തുകയുടെ ഒടുക്ക് വിവരം കാണുക. (ഖ.1-8 കാണുക) ഓഫീസ് ഉപയോഗത്തിന് ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങിയ ഫോറങ്ങൾ, രജിസ്റ്ററുകൾ, ലോക്കൽ പർച്ചേസ് മുഖേന വാങ്ങിയ സ്റ്റേഷനറി വസ്തുക്കൾ തുടങ്ങിയവ സ്റ്റോക്കിലെടുക്കുന്നത് സെക്രട്ടറിയോ മറ്റ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

## 1-6 വാർഷിക കണക്കിലെ അപാകതകൾ

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) വാർഷിക കണക്ക് ബി-15 സ്റ്റേറ്റ്മെന്റ് പ്രകാരം റിഡംഷൻ Amount 20,630,722/- രൂപയാണ് കാണുന്നത്. ഇത് ഏതൊക്കെ ട്രഷറി അക്കൗണ്ടുകളിൽ നിന്നാണ് പോയിരിക്കുന്നത് എന്ന് വ്യക്തമല്ല. ഇതിൽ എത്ര തുക തിരിച്ച് കിട്ടി എന്നും വ്യക്തമായിട്ടില്ല.

2) ബി-4 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകളിൽ ചെലവഴിയ്ക്കാൻ നീക്കിയിരിപ്പുള്ളതായി 805,978/- രൂപയുണ്ട്. എന്നാൽ ബി-17 സ്റ്റേറ്റ്മെന്റ് പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി ജോയിന്റ് വെഞ്ചർ അക്കൗണ്ടിൽ തുക നീക്കിയിരിപ്പില്ല. എന്നാൽ ഈ ഹെഡിന്റെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 21-3-22 തീയതിയിലെ 22101189 നമ്പർ വൗച്ചർ പ്രകാരം ആകെയുള്ള നീക്കിയിരിപ്പ് തുകയായ 7,22,693/- രൂപ പിൻവലിച്ചതായി കാണുന്നു. ഈ വൗച്ചറിൽ റിഡംഷൻ എമൗണ്ട് എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഈ തുക തിരിച്ച് കിട്ടിയതായ വിവരം ലഭ്യമാക്കിയിട്ടില്ല.

3) അസിസ്റ്റന്റ് സെക്രട്ടറി നടപ്പിലാക്കിയ ബഡ്സ് സ്കൂൾ പോഷകാഹാര വിതരണം പദ്ധതിയുടെ തനത് ഫണ്ട് ചെലവ് വിവരം ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

4) B-4 സ്റ്റേറ്റ്മെന്റ് പ്രകാരം CFC ഗ്രാന്റിൽ ചെലവഴിയ്ക്കാൻ ബാക്കിയുള്ളത് 7,673,417/- രൂപയാണ്. എന്നാൽ ബി-17ലെ ഇതിനായുള്ള ബാങ്ക് അക്കൗണ്ടിൽ നീക്കിയിരിപ്പായുള്ളത് 7,627,713/- രൂപയാണ്.

5) B-4 സ്റ്റേറ്റ്മെന്റ് പ്രകാരം Donation Related To Pandamic എന്ന ഇനത്തിൽ 126,659/- രൂപയുണ്ട്. എന്നാൽ B-17 ലെ ഇതിനായുള്ള യൂണിയൻ ബാങ്കിലെ പബ്ലിക് ഡൊണേഷൻ അക്കൗണ്ടിൽ 2036/-രൂപയാണ് നീക്കിയിരിപ്പായുള്ളു.

6) B-15 ൽ Rent Receivables From Buildings (Arrear) ഇനത്തിൽ 33,297/- രൂപ കിട്ടാനുള്ളതായി കാണിച്ചിട്ടുണ്ട്. എന്നാൽ വാടക രജിസ്റ്റർ പരിശോധിച്ചതിൽ അരിയർ ഡിമാന്റ് എഴുതി തയ്യാറാക്കിയിട്ടില്ല. ഇതിനാൽ ഈ തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

7) ബാങ്ക് റീക്കൺസിലിയേഷനുകൾ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

8) ടെണ്ടർ ഫോം സെയിൽ ഇനത്തിൽ 67,060/- രൂപ വരവുണ്ട്. ഇതിന് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല.

9) വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B-14ൽ സ്റ്റോക്ക് നീക്കിയിരിപ്പ് വാല്യൂ രേഖപ്പെടുത്തിയിട്ടില്ല.

10) തനത് ഫണ്ട് നീക്കിയിരിപ്പ് തുകയ്ക്ക് മാന്വൽ എ.സി.ആർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഇതിനാൽ തനത് ഫണ്ടിൽ ഉൾപ്പെടുന്ന മറ്റ് വരവുകൾ ഏതൊക്കെയെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല

11) എസ്.ബി.ഐ ഇ-പെയ്മെന്റ് അക്കൗണ്ടിൽ 2020-21ൽ 901,960/- രൂപയും 2021-22ൽ 1,707,656/- രൂപയും നീക്കിയിരിപ്പായുണ്ട്. എന്നാൽ ഈ തുക എസ്.ബി.ഐ ലെ കറന്റ് അക്കൗണ്ടിൽ നിന്നും കൃത്യമായ ഇടവേളകളിൽ സേവിങ്സ് ബാങ്ക് അക്കൗണ്ടിലേക്ക് മാറ്റിയിട്ടില്ല. ഇതിനാൽ ഈ നീക്കിയിരിപ്പ് തുകയ്ക്ക് ലഭിക്കുമായിരുന്ന പലിശ വരവ് നഷ്ടപ്പെടാനിടയായി.

12) വസ്തു നികുതി ഇ-പെയ്മെന്റ് സംവിധാനം ഉപയോഗിച്ച് നികുതി അടവാക്കുന്ന മുഴുവൻ നികുതികളും സഞ്ചയ സോഫ്റ്റ്‌വെയർ കണക്കിൽ വരുന്നുണ്ടെങ്കിലും യഥാസമയം ബാങ്ക് അക്കൗണ്ടിൽ ക്രഡിറ്റ് ആവുന്നില്ല.

13) അക്കൗണ്ടിംഗ് നയങ്ങളെ കുറിച്ചുള്ള കുറിപ്പുകൾ അടിസ്ഥാന അനുപാതങ്ങൾ എന്നിവ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

14) ബാലൻസ്ഷീറ്റിലെ ബി-11 ഷെഡ്യൂളുമായി താരതമ്യം ചെയ്യത്തക്ക രീതിയിൽ ആസ്തി രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ ഡിപ്രീസിയേഷൻ കണക്കാക്കിയതിന് വർക്ക്

ഷീറ്റ് വെച്ചിട്ടില്ല.

15) വാർഷിക കണക്ക് ബാലൻസ് ഷീറ്റ് B4 സ്റ്റേറ്റ്മെന്റ് പ്രകാരം ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ ഇനത്തിൽ 79422/- രൂപ നീക്കിയിരിപ്പുണ്ട്. ഇത് ഏത് ഇനത്തിലെ/പദ്ധതിയുടെ ഭാഗമായ വിഹിതമിനത്തിലെ നീക്കിയിരിപ്പാണ് എന്ന് വ്യക്തമാക്കിയിട്ടില്ല.

16)B-18ലെ Advance To Other Acredited Agencies എന്ന ഹെഡിൽ 32400/- രൂപ Oppening Balance ആയി കാണുന്നു. എന്നാൽ അഡ്വാൻസ് രജിസ്റ്ററിൽ ഇത് ഏത് സ്ഥാപനത്തിന് നൽകിയ മുൻകൂർ തുകയാണെന്നോ എന്ത് കാര്യത്തിന് നൽകിയ മുൻകൂർ ആണെന്നോ ഉള്ള വിവരം രേഖപ്പെടുത്തിയിട്ടില്ല.

17) സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ പദ്ധതിയുടെ ഭാഗമായി ഡെപ്പോസിറ്റ് വർക്കിന് കെ.എസ്.ഇ.ബി യിൽ 972320/- രൂപ നിക്ഷേപിച്ചിട്ടുണ്ട്. എന്നാൽ ഇത് അഡ്വാൻസ് രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല.

18) ഗ്രാന്റ് സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാൽ ഗ്രാന്റ് വകയിരുത്തിയതിലെ കാര്യം പരിശോധിക്കാൻ സാധിച്ചിട്ടില്ല.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (11/21-22) /07.02.2023 മറുപടി ലഭ്യമാക്കിയിട്ടില്ല.

1-7 സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നു

അപകടകരവും അസഹ്യകരവുമായ വ്യാപാരങ്ങൾക്ക് ലൈസൻസ് നൽകുക എന്നുള്ളത് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 166ാം വകുപ്പ് (1)ാം ഉപവകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ്. മേൽ നിയമത്തിലെ 232ാം വകുപ്പ് പ്രകാരം ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസ് കൂടാതെയും, ആ ലൈസൻസിൽ പറയുന്ന നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമായി ഉപയോഗിക്കാൻ പാടില്ലാത്തതാണ്.

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ 7ാം വാർഡിൽ കുനിവയലിൽ പാലോറ കൃഷ്ണൻ എന്നവരുടെ കെട്ടിടത്തിൽ പ്രവർത്തിച്ചു വരുന്ന ഫർണ്ണീച്ചർ ഷോപ്പ്, 9ാം വാർഡിൽ പ്രവർത്തിച്ചു വരുന്ന എം .കെ ഫർണ്ണീച്ചർ ഷോപ്പ് എന്നിവയുടെ വിവരങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷകൾക്ക് പ്രസ്തുത സ്ഥാപനങ്ങൾ ലൈസൻസില്ലാതെയാണ് പ്രവർത്തിച്ചു വരുന്നത് എന്നാണ് ഗ്രാമപഞ്ചായത്ത് മറുപടി നൽകിയിട്ടുള്ളത്(11.08.2021 ലെ B3 6088/21, B3 6089/21 നമ്പർ മറുപടികൾ). ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 13/2021-22 തീയതി 08.02.2023) മറുപടി ലഭിച്ചിട്ടില്ല.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതും, ഗ്രാമപഞ്ചായത്ത് നൽകുന്ന ലൈസൻസില്ലാതെയും, ലൈസൻസിൽ പറയുന്ന നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കുമായി ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പു വരുത്തി വിവരം അറിയിക്കേണ്ടതുമാണ്.

1-8 വസ്തുനികുതി പിരിവ് - കലക്ഷൻ രജിസ്റ്ററും അടവ് വിവരങ്ങളും പരിശോധനയ്ക്ക് ഹാജരാക്കിയില്ല

2021-22 സാമ്പത്തിക വർഷം താഴെ പറയുന്ന രശീതി പുസ്തകങ്ങൾ മുഖേന നടത്തിയ വസ്തുനികുതി പിരിവ് സംബന്ധിച്ച കലക്ഷൻ രജിസ്റ്റർ, പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം | രശീതി പുസ്തകത്തിന്റെ നമ്പർ | പിരിവ് നടത്തിയ ആൾ |
|---|---|---|
| 1 | 15929, 15934, 18599, 18,604, 18608, 18609, 18620, 19833 | ശ്രീ.അശുതോഷ്.കെ.ടി ക്ലാർക്ക് |
| 2 | 15931, 15937, 18624 | ശ്രീമതി.ഷിജി ക്ലാർക്ക് (താൽക്കാലികം) |

രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.18/2021-22 തീയതി 08.02.2023) മറുപടി നൽകുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. കലക്ഷൻ രജിസ്റ്റർ, പിരിവ് തുക പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയത് സംബന്ധിച്ച വിവരങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-9 പഞ്ചായത്തീരാജ് നിയമപ്രകാരം ഇളവുള്ള സ്ഥാപനങ്ങൾക്കും വസ്തുനികുതി ചുമത്തുന്നു.

സർക്കാർ വകയോ എയ്ഡഡോ സർക്കാരിന്റെ ധനസഹായത്തോട് കൂടി പ്രവർത്തിക്കുന്നതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും വിദ്യാഭ്യാസ അവശ്യങ്ങൾക്കോ അനുബന്ധ ആവശ്യങ്ങൾക്കോ മാത്രമായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെയും പ്രസ്തുത സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്നതായ ഹോസ്റ്റൽ കെട്ടിടങ്ങളെയും; സർക്കാരിന്റെ അംഗീകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ളതും ഹയർസെക്കണ്ടറി തലം വരെയുള്ളതുമായ വിദ്യാഭ്യാസ അവശ്യങ്ങൾക്കുമാത്രമായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെയും പ്രസ്തുത

സ്ഥാപനത്തിലെ വിദ്യാർത്ഥികൾ താമസിക്കുന്നതായ ഹോസ്റ്റൽ കെട്ടിടങ്ങളെയും വസ്തു നികുതിയിൽ നിന്നും, സേവന ഉപനികുതിയിൽ നിന്നും ഒഴിവാക്കേണ്ടതാണെന്ന് 1994ലെ കേരള പഞ്ചായത്തിരാജ് ആക്ട് വകുപ്പ് 201 (1) (ബി), (ബി എ) എന്നിവയിൽ നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ വിദ്യാഭ്യാസ ആവശ്യങ്ങൾക്കായി ഉപയോഗിച്ച വരുന്നതായി സഞ്ചയയിൽ രേഖപ്പെടുത്തിയുട്ടുള്ള താഴെ പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതി ചുമത്തി ഡിമാന്റ് ചെയ്തിട്ടുണ്ട്.

| ക്രമ നം | കെട്ടിട നമ്പർ | ഉടമ | കെട്ടിടത്തിന്റെ ഉപയോഗം | ചുമത്തിയിട്ടുള്ള വാർഷിക വസ്തുനികുതി |
|---|---|---|---|---|
| 1 | 14/331 എ | കമലു അമ്മ മുതൽ പേർ, പാലൊളി, തോടന്നൂർ | സ്കൂൾ | 812 |
| 2 | 61/216 എ | പ്രസിഡന്റ്, നസ്രത്തുൽ ഇസ്ലാം ജുമാഅത്ത് കമ്മിറ്റി | സ്കൂൾ | 3208 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.21/2021-22 തീയതി 08.02.2023) മറുപടി ലഭിച്ചിട്ടില്ല. മേൽ വിഷയം പരിശോധിച്ച് പഞ്ചായത്തിരാജ് ആക്റ്റ് വകുപ്പ് 201 (1) (ബി), (ബിഎ) എന്നിവ പ്രകാരം തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-10 വീട് വാസയോഗ്യമാക്കൽ പദ്ധതി(എസ്.സി) -സമയബന്ധിതമായി പൂർത്തിയാകുന്നില്ല.

ഓഡിറ്റ് വർഷം സ്പിൽ ഓവർപ്രോജക്ടായി നടപ്പിലാക്കിയ പ്രോജക്ട് നം-122/21-22 എ്.സ്.സി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വാസയോഗ്യമാക്കുന്നതിന് 1,50,000/- രൂപ വീതം ധനസഹായം അനുവദിക്കു ന്നതിനു ള്ളതാണ്. പദ്ധതിക്കായി വകയിരുത്തിയ 550000/- രൂപയുടെ എസ്.സി.പി ഫണ്ടിൽ 3,75,000/- രൂപ ഓഡിറ്റ് വർഷം ചെലവഴി ച്ചിട്ടുണ്ട്. എന്നാൽ പദ്ധതിയിൽ 75,000/- രൂപ അഡ്വാൻസ് തുകയായി കൈപ്പറ്റിയ ജാനു W/O കുഞ്ഞിരാമൻ, രാധ W/O ഗോപാലൻ, നാരായണി W/O വേലായുധൻ എന്നിവർ നാളിതുവരെയായും വീട് വാസയോഗ്യമാക്കൽ പ്രവൃത്തി പൂർത്തീകരിച്ച് അവസാനഗഡു കൈപ്പറ്റിയതായി കാണുന്നില്ല. 2020-21 വർഷം ആരംഭിച്ച പദ്ധതി

2021-22 വർഷം സ്പിൽ ഓവവർ ആയിതുടർന്നിട്ടും മൂന്ന് ഗുണഭോക്താക്കൾ പദ്ധതി പൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകേണ്ടതാണ്. ഇതിൽ നിന്നും മേൽ പദ്ധതി രൂപീകരിച്ച് രണ്ട് വർഷം കഴിഞ്ഞിട്ടും മേൽ ഗുണഭോക്താക്കൾ വാസയോഗ്യമല്ലാത്ത ഭവനത്തിൽതന്നെ താമസം തുടർന്നുവരികയാണ് എന്നതിൽ നിന്നും പദ്ധതി ഉദ്ദേശലക്ഷ്യം പൂർത്തീകരിക്കുന്നതിൽ പരാജയപ്പെട്ടു എന്ന് വ്യക്തമാക്കുന്നു. ഇത്തരം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തേണ്ടത് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പിന്റെയും മേൽനോട്ട ചുമതലയുള്ള സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ഉത്തരവാദിത്തമാണ്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-11 ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് -ഒരു ഗുണഭോക്താവിന് അധികം തുക നൽകി

പ്രോജക്ട് നം-38/21-22

നിർവ്വഹണം -ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ -2634900 (1383700 വികസന ഫണ്ട്, 651200 ബ്ലോക്ക് വിഹിതം, 600000 ജില്ലാപഞ്ചായത്ത് വിഹിതം )

ചെലവ് -2634900 (1383700 വികസനഫണ്ട്, 651200 ബ്ലോക്ക് വിഹിതം, 600000 ജില്ലാപഞ്ചായത്ത് വിഹിതം )

പഞ്ചായത്തിലെ 121 ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് ബത്ത അനുവദിക്കുന്നതിനായി രൂപീകരിച്ച് നടപ്പാക്കിയ പദ്ധതിയുടെ ഭാഗമായി മാനസിക വെല്ലുവിളികൾ നേരിടുന്ന 76 ഗുണഭോക്താക്കൾക്ക് 28500/- രൂപ നിരക്കിലും, ഭിന്നശേഷിക്കാരായ 45 വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന ക്ലാസുകളുടെ അടിസ്ഥാനത്തിലുമാണ് അർഹമായ നിരക്കിൽ ധനസഹായം അനുവദിച്ചിട്ടുള്ളത്. മേൽ ചെലവു വിവരങ്ങൾ പരിശോധിച്ചതിൽ മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താക്കളിൽ ഷെമീർ (A/C No-67179644853) എന്നയാൾക്ക് ഓഡിറ്റ് വർഷം നാല് ഗഡുക്കളായി(14250+7125+7125+3000) ആകെ 31500 രൂപ അനുവദിച്ചതായി കാണുന്നു. മാനസിക വെല്ലുവിളികൾ നേരിടുന്ന ഗുണഭോക്താവിന് ഒരു വർഷം അർഹമായ പരമാവധി തുക 28500/- രൂപയാണ്. ഒരു ഗുണഭോക്താവിന് മാത്രം 3000 രൂപ അധികമായി അനുവദിക്കാനിടയായതിന് വിശദീകരണം നൽകേണ്ടതും അധികം നൽകിയ തുക തുടർവർഷം അനുവദിക്കുന്ന സ്കോളർഷിപ്പ് തുകയിൽ നിന്ന് അഡ്ജസ്റ്റ് ചെയ്ത് വിവരം അറിയിക്കേണ്ടതുമാണ്.

## 1-12 പാലിയേറ്റീവ് കെയർ പദ്ധതി - മരുന്നുകൾ പൂർണ്ണമായും ലഭിച്ചില്ല.

പ്രോജക്ട് നം-71/21-22

നിർവ്വഹണം-മെഡിക്കൽ ഓഫീസർ സി.എച്ച്.സി

തിരുവല്ലൂർ പഞ്ചായത്തിലെ കിടപ്പിലായ രോഗികളുടെ പരിചരണത്തിനായി രൂപീകരിച്ച ഗൃഹ സന്ദർശനത്തിനുള്ള ചെലവ്, നഴ്സിനുള്ള ഹോണറേറിയം, മരുന്ന് ഉപകരണങ്ങൾ എന്നിവക്കുമായാണ് പദ്ധതിയിൽ പ്രധാനമായും തുക വകയിരുത്തിയിരുന്നത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി ഇൻവോയ്സ് നം PRF 4031 തീയ്യതി 13-12-21 പ്രകാരം 90000/- രൂപ കേരളാ മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് അഡ്വാൻസ് നൽകിയിട്ടുണ്ട്. മേൽ തുകയിൽ ഓഡിറ്റ് തീയതി വരെ 42646/- രൂപയ്ക്കുള്ള മരുന്നുകളും ഉപകരണങ്ങളും മാത്രമേ പാലിയേറ്റീവ് കെയർ പദ്ധതിക്കായി ലഭിച്ചിട്ടുള്ളൂ. അഡ്വാൻസ് നൽകി ഒരുവർഷം കഴിഞ്ഞിട്ടും പെർഫോർമാ ഇൻവോയ്സ് പ്രകാരമുള്ള 47354/- രൂപയുടെ മരുന്നുകളും ഉപകരണങ്ങളും ലഭ്യമായതിന്റെ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. ലഭിക്കാത്ത മരുന്നിന്റെ വിലയായ 47354/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-13 കറവപശുക്കൾക്ക് കാലിതീറ്റസബ്സിഡി -ധനസഹായം ഗുണഭോക്താക്കൾക്ക് ബാങ്ക് അക്കൗണ്ട് വഴി നൽകിയില്ല.

പ്രോജക്റ്റ് -77/21- 22

അടങ്കൽ-2400000 (800000-വികസന ഫണ്ട്, 150000-തനത്ഫണ്ട്, 250000-ബ്ലോക്ക്പഞ്ചായത്ത് വിഹിതം, 120000-ഗുണഭോക്തൃ വിഹിതം)

ചെലവ് -782047 (532182- വികസനഫണ്ട്, 249865-ബ്ലോക്ക് പഞ്ചായത്ത് വിഹിതം)

നിർവ്വഹണം-ഡയറി ഫാം ഇൻസ്ട്രക്ടർ

ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീര കർഷകർക്ക് ഒരുമാസം ഒരു കറവപശുവിന് 100 കിലോ കാലിതീറ്റക്ക് 50 രൂപ നിരക്കിൽ കാലിതീറ്റ സബ്സിഡി അനുവദിക്കുന്നതിനാണ് പദ്ധതി തയ്യാറാക്കിയത്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി താഴെ പറയും പ്രകാരം തുകകൾ നിർവ്വഹണ ഉദ്യോഗസ്ഥൻ ക്ഷീരസഹകരണ സംഘങ്ങൾക്ക് കൈമാറിയിട്ടുണ്ട്.

| ബിൽ നമ്പർ | തുക | ഗുണഭോക്താക്കളുടെ എണ്ണം | ക്ഷീര സംഘത്തിന്റെ പേര് |
|---|---|---|---|
| 220/23-02-22 | 76712 | 36 | തോടന്നൂർ ക്ഷീരോൽപാദക സഹകരണ സംഘം |
| 163/28-01-22 | 49600 | 40 | വെള്ളൂക്കര ക്ഷീരോൽപാദക സഹകരണ സംഘം |

| | | | |
|---|---|---|---|
| 227/02-3-22 | 405870 | 303 | കോട്ടപ്പള്ളി ക്ഷീരോൽപാദക സഹകരണ സംഘം |
| 219/23-2-22 | 239865 | 143<br>15<br>48 | തിരുവള്ളൂർ ക്ഷീരോൽപാദക സഹകരണ സംഘം (175470-രൂപ)<br>വെള്ളൂക്കര ക്ഷീരോൽപാദക സഹകരണ സംഘം (21870-രൂപ)<br>തോടന്നൂർ ക്ഷീരോൽപാദക സഹകരണ സംഘം (42525-രൂപ) |
| 272/21-3-22 | 10000 | 8 | കോട്ടപ്പള്ളി ക്ഷീരോൽപാദക സഹകരണ സംഘം |
| ആകെ | 782047 | | |

സംഘങ്ങൾ മുഖേന വിതരണം നടത്തുന്ന കാലിതീറ്റയ്ക്ക് കർഷകർക്ക് അർഹമായ സബ്സിഡി തുക ക്ഷീരകർഷകരുടെ ബാങ്ക് അക്കൗണ്ടിലേക്ക് നൽകുന്നതിന് പകരം ക്ഷീരസംഘങ്ങളുടെ അക്കൗണ്ടിലേക്കാണ് നൽകിയിരിക്കുന്നത്. ക്ഷീരസംഘങ്ങൾ തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും ക്ഷീരസംഘങ്ങൾ തുക ഗുണഭോക്താക്കൾക്ക് കൈമാറിയതിന്റെ വിശദാംശങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക 782047/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-14 കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ ലേസർ പ്രിന്റർ,ലാപ്പ്ടോപ്പുകൾ എന്നിവ ലഭിച്ചില്ല.

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി രൂപീകരിച്ച പ്രോജക്ട് നം-209/21-22 ILGMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഹൈസ്പീഡ് സ്കാനർ പ്രിന്റർ എന്നിവ വാങ്ങുന്നതിനു വേണ്ടിയാണ്. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി താഴെപറയും പ്രകാരം പെർഫോർമാ ഇൻവോയ്സുകൾ പ്രകാരം കെൽട്രോണിന് തുക കൈമാറി യിട്ടുണ്ട്.

| പെർഫോർമാ ഇൻവോയ്സ് | ഉപകരണം | വില | ബിൽ നം/തീയതി |
|---|---|---|---|

| നം/തീയ്യതി | | | |
|---|---|---|---|
| TVM/ITBG/ PI/RC/35567/ 20-21 Dtd 23-02-22 | A3 Sheet Fed Scanner 1 എണ്ണം | 96949 | 229/4-03-22 135808/- (96949+38859) |
| TVM/ITBG/ PI/RC/35568/20-21 Dtd 23-02-22 | A4 Monochrome Laser Printer - 3 എണ്ണം | 38859 (3x12953) | |
| TVM/ITBG/ PI/RM/0959/ 21-22 Dtd 7-03-22 | Laptop-2 എണ്ണം | 86430 (2x43215) | 250/17-03-22-86430/- |

പദ്ധതി തയ്യാറാക്കിയത് ഒരു ഹൈസ്പീഡ് സ്കാനർ, 4 പ്രിന്റർ എന്നിവ വാങ്ങുന്നതിനാണെങ്കിലും മേൽ പറഞ്ഞ പ്രാകാരം 1 സ്കാനർ, 3 പ്രിന്റർ, 2 ലാപ്ടോപ്പ് എന്നിവക്കാണ് കെൽട്രോണിന് പെർഫോർമാ ഇൻവോയ്സ് പ്രകാരം പ്രോജക്ടിൽ തുക കൈമാറിയിരിക്കുന്നത്. ഇതിൽ A3 Sheet Fed Scanner (Canon DRM 1060) 8-07-2022ന് ഇൻസ്റ്റാൾ ചെയ്തതായി ടെക്നിക്കൽ അസിസ്റ്റന്റ് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മറ്റ് ഉപകരണങ്ങൾ ലഭിച്ചതിന്റെയോ സ്റ്റോക്കിലെടുത്തതിന്റെയോ വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിന് വിശദീകരണം നൽകേണ്ടതാണ്. നാളിതുവരെ ലഭ്യമാവാത്ത ഉപകരണങ്ങളുടെ വിലയായ 125289/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-15 കുടിവെള്ള വിതരണം ചെയ്യൽ പദ്ധതി -വാഹനത്തിന്റെ ലോഗ്ബുക്കുമായി ഒത്തുനോക്കാതെ ദൂരംകണക്കാക്കി

സ.ഉ.(സാധാ) 446/2021/ത.സ്വ.ഭ.വ തീയതി 15/02/2021 ഉത്തരവിലെ നിർദ്ദേശ പ്രകാരം ഗ്രമപഞ്ചായത്തുകൾക്ക് കുടിവെള്ളം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി ഗ്രമപഞ്ചായത്ത് കുടിവെള്ള വിതരണം നടത്തുന്നതിനായി പദ്ധതി രൂപീകരിച്ചിട്ടുണ്ട് പദ്ധതി നടത്തിപ്പിനായി ടെണ്ടർ നടപടി സ്വീകരിച്ചതിൽ കുറഞ്ഞ നിരക്കായ കിലോമീറ്ററിന് 175 ക്വാട്ട് ചെയ്ത ഇബ്രാഹിം കിഴക്കേപറമ്പ്, ചേരാപുരം.പി.ഒ, വേളം എന്നയാളുടെ ടെണ്ടർ അംഗീകരിച്ച് ഇയാളെ കുടിവെള്ള വിതരണം നടത്തുന്നതിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്. ജി.പി.എസ് വിവരങ്ങൾ പ്രകാരം കുടിവെള്ളം വിതരണം ചെയ്യുന്നതിനായി കാരാറുകാരൻ ഏർപ്പെടുത്തിയ കെ.എൽ 18 ടി 849 വാഹനം 24/04/2021 മുതൽ 9/06/2021 വരെ

1695.49 കിലോമീറ്ററും, കെ.എൽ.18 യു 4796 വാഹനം 25/05/2021 മുതൽ 8/06/2021 വരെ 518.23 കിലോ മീറ്ററുമാണ് സഞ്ചരിച്ചിട്ടുള്ളത്. കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ കരാറുകാരന് ആകെ 327873/- രൂപ ഓഡിറ്റ് വർഷം തനത് ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. എന്നാൽ മേൽ ഉത്തരവ് പ്രകാരം ജി.പി.എസ് ലോഗും വാഹനത്തിന്റെ ലോഗ്ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പ് വരുത്തിയതിനു ശേഷമാണ് തദ്ദേശ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക നൽകാവൂ എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഓഡിറ്റ് വർഷം കുടിവെള്ള വിതരണം നടത്തിയ രണ്ട് വാഹനങ്ങളുടെയും ലോഗ് ബുക്കുകൾ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. അതാത് ദിവസങ്ങളിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി വാഹനം സഞ്ചരിച്ച ദൂരം ലോഗ്ബുക്കുമായി ക്രോസ് ചെക്ക് ചെയ്ത് ഉറപ്പ് വരുത്താതെയാണ് കരാറുകാരന് കുടിവെള്ള വിതരണ ഇനത്തിൽ തുക അനുവദിച്ചത് . മേൽ അപാകതക്ക് വിശദീകരണം രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്.

1-16 തെരുവ് വിളക്ക് എ.എം.സി പദ്ധതി നടത്തിപ്പിലെ അപാകതകൾ

പ്രോജക്ട്-98/21-22

നിർവ്വഹണം-സെക്രട്ടറി

അടങ്കൽ-690000

ചെലവ്-548800 (ബിൽ നം-226/02-03-2022)

ഗ്രാമപഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപണികൾക്കായി തയ്യാറാക്കിയ പദ്ധതിയിൽ ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ച് എലൈറ്റ് ഇലക്ട്രിക്കൽസ് എന്നസ്ഥാപനവുമായി 6,90,000/- രൂപക്ക് സെക്രട്ടറി നമ്പർ 5/21-22 ആയി 20-12-21 നാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. 1-02-2022ലെ ഇൻവോയ്സ് നം 55 പ്രകാരം 1195 തെരുവ് വിളക്കുകൾ റിപ്പയർ ചെയ്ത ഇനത്തിൽ എലൈറ്റ് ഇലക്ട്രിക്കൽസ് 7,72,800/- രൂപയുടെ ബിൽ സെക്രട്ടറിക്ക് സമർപ്പിച്ചിട്ടുണ്ട്. വിവിധ വാർഡുകളിലായി റിപ്പയർ ചെയ്ത തെരുവുവിളക്കുകളുടെ മേൽ എണ്ണം ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ കരാർ തുകയുടെ ആദ്യഗഡുവായി 5,48,800/- രൂപ സെക്രട്ടറി 2-03-2022 -ൽ കരാറുകാരനായ എലൈറ്റ് ഇലക്ട്രിക്കൽസിന് നൽകിയിട്ടുണ്ട്. തെരുവുവിളക്കുകൾക്ക് പരിപാലനം സംബന്ധിച്ച എ.എം.സി യിൽ ഏർപ്പെടുമ്പോൾ കോൺട്രാക്ട് പ്രകാരമുള്ള തുക കരാറിലെ വ്യവസ്ഥകൾ നിറവേറ്റുന്ന മുറക്ക് മൂന്ന്മാസം കൂടുമ്പോഴാണ് അടവാക്കേണ്ടത്. എന്നാൽ കരാറുകാരനുമായുണ്ടാക്കിയ കരാറിലെ 12 ാമത് വ്യവസ്ഥ പ്രകാരം കരാർ തീയതി മുതൽ കേടായിട്ടുള്ള എല്ലാതെരുവ് വിളക്കുകളും പ്രവർത്തന സജ്ജമാക്കിയശേഷം കരാർ പ്രകാരമുള്ള തുകയുടെ 80% ആദ്യഗഡുവായും ബാക്കി 20% തുക അടുത്ത ഗഡുവായും കരാറുകാരന് ഗ്രാമപഞ്ചായത്ത്

കൈമാറേണ്ടതാണെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. കരാറിലെ ഈ വ്യവസ്ഥ കാരണം കരാറിൽ ഏർപ്പെട്ട് ആദ്യ മൂന്ന് മാസത്തിനകം തന്നെ കരാർതുകയുടെ 80 ശതമാനം തുകയും കരാറുകാരന് നൽകുന്നതിനിടയായി. കരാറിൽ ഇത്തരം ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമതാൽപ്പര്യങ്ങൽക്ക് വിരുദ്ധമാണ്. കരാറുകാരൻ പ്രവൃത്തി ഉപേക്ഷിച്ച പോകുന്ന അവസ്ഥ വന്നാൽ ഗ്രാമപഞ്ചായത്തിന് വൻനഷ്ടത്തിനിടയാക്കുകയും പദ്ധതി കൊണ്ട് ഉദ്ദേശിച്ച സേവനം ഗ്രമപഞ്ചായത്തിലെ ജനങ്ങൾക്ക് ലഭ്യമാക്കാൻ കഴിയാതെയും വരും. പഞ്ചായത്തിലെ സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പരിശോധിച്ചതിൽ ആകെ 1178 എണ്ണം സ്ട്രീറ്റ് ലൈറ്റുകൾ മാത്രമേ ഉള്ളൂ. റിപ്പയർ ചെയ്ത സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണവും സ്ട്രീറ്റ് ലൈറ്റ് രജിസ്റ്റർ പ്രകാരമുള്ള എണ്ണവും തമ്മിൽ പൊരുത്തപ്പെടുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

1-17 ഫെസ്റ്റിവൽ അഡ്വാൻസ് മുതൽക്കൂട്ടിയില്ല

ഗ്രാമപഞ്ചായത്തിലെ അഡ്വാൻസ് രജിസ്റ്റർ പ്രകാരം ഈടാക്കാൻ അവശേഷിക്കുന്ന മുൻകൂറുകളുടെ വിവരം ചുവടെ കൊടുക്കുന്നു.

1) 2021-22ൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി സേവനമനുഷ്ഠിച്ചിരുന്ന ശ്രീ.വിഷ്ണു എന്നവർ എടുത്ത ഫെസ്റ്റിവെൽ അഡ്വാൻസിൽ 10000/- രൂപ ടിയാൻ ട്രാൻസ്ഫർ ആയ ചാത്തമംഗലം ഗ്രാമപഞ്ചായത്തിൽ നിന്നും നാളിതുവരെ ലഭ്യമാക്കിട്ടില്ല.

2) തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ നിലവിൽ ക്ലാർക്കായി ജോലി ചെയ്തു വരുന്ന ശ്രീ. സുരേഷ് ബാബു എന്നവർ 2021-22 ൽ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ ക്ലാർക്കായി ജോലി ചെയ്യവെ എടുത്ത ഫെസ്റ്റിവൽ അഡ്വാൻസ് തുക തിരികെ അടവാക്കാനായി ഈ പഞ്ചായത്തിൽ നിന്നും ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിലേയ്ക്ക് ട്രാൻസ്ഫർ ചെയതപ്പോൾ 8000/- രൂപ അധികമാണ് അടവാക്കിയത്. ഇത് നാളിതുവരെ തിരികെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിൽ നിന്നും ഈടാക്കിയിട്ടില്ല.

മുൻകൂറുകൾ അടിയന്തിരമായി ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും തുക ക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്. അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ( 10 /21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

1-18 കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടിയില്ല

പഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ/വാർഷിക കണക്ക് എന്നിവ പ്രകാരം ചുവടെ കൊടുത്ത ഹെഡുകളിലെ കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ മുതൽക്കൂട്ടാതെ കിടക്കുന്നതായി കാണുന്നു.

| ക്രമ നം | ഇനം | കാലയളവ് | തുക |
|---|---|---|---|
| 1 | Contractors EMD | 2016-17 | 7500 |

| | | | |
|---|---|---|---|
| 2 | Biders EMD | 2013-14 | 17125 |
| 3 | Contractors Security Deposit | 2013-14 | 25400 |
| 4 | Bidders Seccurity Deposit | 2012-13 & 2013-14 | 4232 |
| 5 | Contractors Retension | 2012-13 & 2017-18 | 10392 |
| 6 | Other Deposit | 2016-17 & 2017-18 | 46946 |

കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ സമയബന്ധിതമായി മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (9/21-22)/07.02.23 മറുപടി ലഭ്യമാക്കിയിട്ടില്ല.

1-19 സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ യൂണിഫോം അലവൻസ് നൽകി

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിലെ സീനിയർ ഗ്രേഡ് ഡ്രൈവറായ ശ്രീ.എൻ.കെ ശശി എന്നവർക്ക് 18.02.2022ലെ 22100915 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം 2021-22 സാമ്പത്തിക വർഷത്തെ യൂണിഫോം അലവൻസായി 2,700/- രൂപ അനുവദിച്ചിട്ടുണ്ട്.

ജോലി സമയത്ത് യൂണിഫോം ധരിക്കേണ്ടതായിട്ടുള്ള ജീവനക്കാർക്ക് ആയത് വാങ്ങുന്നതിന് ചെലവായ യഥാർത്ഥ തുകയുടെ റീ-ഇംപേഴ്സ്മെന്റ് എന്ന നിലയ്ക്കാണ് യൂണിഫോം അലവൻസ് അനുവദിക്കേണ്ടതെന്ന് 23.05.2017ലെ 38/2017/ഫിൻ നമ്പർ പരിപത്രത്തിലെ ഖണ്ഡിക 5 ൽ സർക്കാർ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ശ്രീ. എൻ.കെ ശശി, സീനിയർ ഗ്രേഡ് ഡ്രൈവർ അലവൻസ് ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയോടൊപ്പം ചെലവ് തുകയുടെ ബിൽ സമർപ്പിച്ചിട്ടില്ല. യഥാർത്ഥ ചെലവ് തുക പരിശോധിക്കാതെ അനുവദനീയിമായ പരമാവധി യൂണിഫോം അലവൻസ് അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ജോലി സമയത്ത് യൂണിഫോം ധരിക്കുന്നതിൽ വീഴ്ച വരുത്തുന്നതല്ല എന്നും, വീഴ്ച വരുത്തുന്ന പക്ഷം യൂണിഫോം അലവൻസായി കൈപ്പറ്റുന്ന തുക സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പിഴപലിശ സഹിതം തിരിച്ചടയ്ക്കുന്നതാണെന്നും വ്യക്തമാക്കിക്കൊണ്ട് നിശ്ചിത മാതൃകയിലുള്ള സാക്ഷ്യപത്രം അപേക്ഷയോടൊപ്പം ഉള്ളടക്കം ചെയ്യണമെന്ന് മേൽ പരിപത്രത്തിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയതും പാലിക്കപ്പെട്ടിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 22/2021-22 തീയതി 08.02.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, സർക്കാർ ഉത്തരവിൽ നിർദ്ദേശിച്ച പ്രകാരമുള്ള രേഖകൾ പരിശോധനയക്ക് ലഭ്യമാക്കേണ്ടതുമാണ്. ചെലവ് തുക 2,700/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-20 ആസ്തി സംരക്ഷിക്കുന്നതിൽ വീഴ്ച

ഗ്രാമപഞ്ചായത്ത് അധീനതയിലുള്ള ഭൂസ്വത്തുക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ, ആധാരങ്ങൾ, ആസ്തി രജിസ്റ്റർ (Land),ഫയൽ എന്നിവ പരിശോധിച്ചതിൽ ആസ്തി സംരക്ഷണത്തിൽ താഴെപ്പറയുന്ന ഗുരുതര പിഴവുകളുള്ളതായി കാണുന്നു.

1) ഭൂസ്വത്തുക്കൾ രേഖപ്പെടുത്തിയ രജിസ്റ്റർ പ്രകാരം ക്രമനമ്പർ 1 മുതൽ 66 വരെ ഭൂമിയുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 33 ഭൂസ്വത്തുക്കളുടെ വിവരങ്ങൾ മാത്രമാണ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിരിക്കുന്നത്. രജിസ്റ്റർ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2) മേൽ ഭൂമിക്ക് ഓഡിറ്റ് തിയ്യതി വരെ നികുതി ഒടുക്കിയിട്ടില്ല.

3) 33 ഭൂസ്വത്തുക്കളുടെ ആധാരങ്ങൾ മാത്രമേ ഫയലിലുള്ളൂ. ബാക്കി ആധാരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4) ചാനിയംകടവ് പുഴയുടെ തീരത്ത് സ്ഥിതി ചെയ്യുന്ന ഗ്രാമപഞ്ചായത്തിൽ പുഴ പുറമ്പോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് 218(1) മുതൽ 218(4) വരെയുള്ള വകുപ്പുകൾ പ്രകാരം ആക്ട് നിലവിൽ വരുന്ന തീയതി മുതൽ എല്ലാ ജലമാർഗ്ഗങ്ങളും, നീരുറവകളും, ജലസംഭരണികളും, നദികളുടെ തടങ്ങളും തീരങ്ങളും, തടാകങ്ങളും ചെറുകായലുകളും, നീരുറവകളും കുളങ്ങളും നീർത്തടങ്ങളും കെട്ടിനിൽക്കുന്നതും ഒഴുകിപോകുന്നതുമായ എല്ലാ ജലവും നീരുറവകളും പുഴ പുറമ്പോക്കുകളും ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാക്കപ്പെട്ടിരിക്കുന്നു.

ഓഫീസിലെ മേൽനോട്ട സംവിധാനത്തിലെ പിഴവാണ് മേൽപ്പറഞ്ഞ അപാകതകൾക്ക് കാരണം. ഇത് ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള ഭൂസ്വത്തുക്കൾ അന്യാധീനപ്പെടാൻ ഇടയാക്കും. പുഴപുറമ്പോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും കയ്യേറിയ ഭൂമിയുണ്ടെങ്കിൽ തിരിച്ച് പിടിക്കേണ്ടതുമാണ്. ഭൂസ്വത്ത് രജിസ്റ്റർ പൂർത്തിയാക്കി മുഴുവൻ ആധാരങ്ങളും നികുതി ഒടുക്കിയ രശീതുകളും സഹിതം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-21 എൻ ആർ ഇ ജി എസ്-അളവുപുസ്തകങ്ങൾക്ക് സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

എൻ.ആർ.ഇ.ജി.എസ് പദ്ധതിക്കായി വിതരണം ചെയ്യതും ഉപയോഗപ്പെടുത്തിയതുമായ അളവുപുസ്തകങ്ങളുടെ പരിപാലനത്തിൽ അപാകത കാണുന്നു. ഓഫീസ് സ്റ്റോക്കിൽ നിന്നും വിതരണം ചെയ്ത അളവുപുസ്തകങ്ങൾക്ക് എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതും വിതരണം ചെയ്ത അളവുപുസ്തകങ്ങൾ ഏത് പ്രവൃത്തിക്ക് എന്ന് രേഖപ്പെടുത്താത്തതും അപാകതയാണ്. അളവു പുസ്തകങ്ങളുടെ സ്റ്റോക്ക് രേഖപ്പെടുത്താത്തതിനാൽ എൻ.ആർ.ഇ.ജി.എസ് പദ്ധതി ഓഫീസിൽ ലഭ്യമായ പുസ്തകങ്ങളുടെ വരവ്, ഉപയോഗം, നീക്കിയിരിപ്പ് എന്നിവ സംബന്ധിച്ച വിവരങ്ങളില്ല. പഞ്ചായത്ത് ഓഫീസിലെ സ്റ്റോക്ക് & ഇഷ്യൂ രജിസ്റ്റർ പരിശോധിച്ചതിൽ ഓഡിറ്റ്

വർഷത്തിൽ ആകെ 293 പുസ്തകങ്ങൾ എൻ.ആർ.ഇ.ജി.എസ് ഓഫീസിന് വിതരണം ചെയ്തതായി കാണുന്നു. പേര് രേഖപ്പെടുത്താത്തതിനാൽ അളവ് പുസ്തകങ്ങൾ ഏതൊക്കെ പ്രവൃത്തികൾക്കാണ് ഉപയോഗിച്ചത് എന്ന് വ്യക്തമല്ല. സെക്രട്ടറിയിൽ നിന്ന് എൻ ആർ ഇ ജി എസ് പദ്ധതി ആവശ്യങ്ങൾക്ക് അളവു പുസ്തകങ്ങൾ ലഭിക്കുമ്പോൾ സ്റ്റോക്കിലെടുക്കേണ്ടതും പ്രവൃത്തികളുടെ പേര് രേഖപ്പെടുത്തി ഇഷ്യൂ രജിസ്റ്റർ സൂക്ഷിച്ച് പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

## 1-22 മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി തിരികെ നൽകി

കോവിഡ്-19 വ്യാപനത്തെ തുടർന്ന് സംജാതമായ സാമ്പത്തിക സാഹചര്യം കൈകാര്യം ചെയ്യുന്നതിനായി സർക്കാർ ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് നീക്കിവയ്ക്കപ്പെട്ട വിഹിതം 2021 ഏപ്രിൽ മാസം മുതൽ 5 തുല്യ മാസഗഡുക്കളായി തിരികെ നൽകാനാണ് 26.02.2021ലെ ജി.ഒ (പി) നമ്പർ 43/2021/ഫിൻ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിരുന്നത്. പെൻഷൻ പറ്റിയവർ, മരണപ്പെട്ടവർ, പ്രൊവിഡന്റ് ഫണ്ട് വരിക്കാരല്ലാത്ത ജീവനക്കാർ/അദ്ധ്യാപകർ എന്നിവരുടെ കാര്യത്തിൽ മാത്രമാണ് മാറ്റി വയ്ക്കപ്പെട്ട തുക ഒറ്റത്തവണയായി നൽകുന്നതിന് മേൽ ഉത്തരവ് പ്രകാരം അനുമതിയുണ്ടായിരുന്നത്. എന്നാൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ ജീവനക്കാരുടെ മാറ്റിവയ്ക്കപ്പെട്ട ശമ്പളവിഹിതം 03.05.2021ലെ 22100062 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം (ആകെ തുക 5,73,108/- രൂപ) ഒറ്റത്തവണയായി ബന്ധപ്പെട്ടവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് തിരികെ നൽകിയിട്ടുണ്ട്.

മാറ്റി വയ്ക്കപ്പെട്ട ശമ്പളവിഹിതം സർക്കാർ നിർദ്ദേശം പാലിക്കാതെ തിരികെ നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 12/2021-22 തീയതി 08.02.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും സർക്കാർ ഉത്തരവുകൾ കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

## 1-23 എ.കെ.ജി കുളത്തൂർ റോഡ് പ്രവൃത്തി - അപാകതകൾ

പ്രോജക്റ്റ് നം- 66/21-22 (New)

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനിയർ

വകയിരുത്തിയ തുക- 450000/- (MG-Road)

ചെലവ്- 433084/-

Bill No. 21170352013501480073 Dtd 26-3-22

എം.ബുക്ക് നം- 628/21-22

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 19 -ൽ ഉൾപ്പെടുന്ന എ.കെ.ജി കുളത്തൂർ റോഡ് (ചെയ്നേജ് 00/120 മുതൽ 00/280 വരെ) 160 മീറ്റർ റീ ടാറിംഗ് നടത്തി

ഗതാഗത യോഗ്യമാക്കുന്നതിനും ഒരു ഭാഗം (RHS) വെള്ളത്തിന്റെ ഒഴുക്ക് നിയന്ത്രിക്കുന്നതിനായി ഡ്രൈനേജ് നിർമ്മിക്കുന്നതിനും റോഡിന്റെ വശങ്ങൾ സംരക്ഷിക്കുന്നതിനായി റോഡിന് ഇരു വശവും കോൺക്രീറ്റ് ഐറിഷ് ഡ്രൈൻ ചെയ്യുന്നതിനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. പദ്ധതി പ്രകാരമുള്ള പ്രവൃത്തി 08-02-2023ന് സ്ഥല പരിശോധന നടത്തിയതിൽ നിന്നും കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

പദ്ധതി പ്രകാരമുള്ള റോഡ് വർക്കിൽ എം.ബുക്ക് നം 628/21-22 പ്രകാരം റോഡ് റീ ടാറിങ്ങും ഡ്രൈനേജ് നിർമ്മാണവും , RHSലെ ഐറിഷ് ഡ്രെയിൻ നിർമ്മാണവും പൂർത്തിയായിട്ടുണ്ട്. എം ബുക്കിലെ ഐറ്റം നം 2.11 പ്രകാരം ചെയിനേജ് 0/120 To 0/207.4 വരെ LHSൽ 11.4.3.1 എന്ന ഡാറ്റയിൽ 36.2 Mtr നീളത്തിൽ PCCവർക്ക് (ഐറിഷ് ഡ്രൈൻ) ചെയ്തതായി അസി.എഞ്ചിനിയർ മെഷർമെന്റ് രേഖപ്പെടുത്തുകയും എ.ഇ.ഇ ചെക്ക് മെഷർ ചെയ്ത് കരാറുകാരന് തുക നൽകുകയും ചെയ്തിട്ടുണ്ട്. 1.22$m^3$ ഉള്ള ഈ പ്രവർത്തിയ്ക്ക് 7606.38/- രൂപ നിരക്കിൽ 9279.78/-രൂപയും ഇതിന്റെ 12% ജി.എസ്.ടി (1113.57/-) തുകയും ഉൾപ്പടെ (ആകെ-10393.35/- രൂപ) കരാറുകാരന് ബിൽ പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ 8-2-23ൽ നടത്തിയ സ്ഥല പരിശോധനയിൽ ഈ പ്രവൃത്തി ചെയ്തതായി എൽ.എസ്ജി.ഡി ഓവർസിയർക്ക് കാണിച്ചു തരാൻ സാധിച്ചിട്ടില്ല. കൂടാതെ റോഡിന് ഇരുവശത്തും ആകെ ചെയ്ത ഐറിഷ് ഡ്രൈൻ 11.4.3.1 എന്ന ഫോം വർക്ക് ആവശ്യമുള്ള ഡാറ്റയിലാണ് ചെയ്തിരിക്കുന്നത്. ഇത് എം ബുക്ക് പ്രകാരം ആകെ 5.5 $M^3$ ഉണ്ട്. സ്ഥല പരിശോധനയിൽ റോഡിന് ഒരു വശം ഡ്രൈനേജും മറുവശം ഒരു മീറ്ററോളം ഉയരമുള്ള മതിലുമാണുള്ളത്. അതിനാൽ യഥാർത്ഥത്തിൽ റോഡിന് ഇരു വശവും ഫോം വർക്ക് ആവശ്യമില്ല. എന്നാൽ ഈ പ്രവൃത്തിയ്ക്ക് ഫോം വർക്കിനുള്ള ഡാറ്റ (4%) ഉപയോഗിച്ചതിനാൽ അധിക തുക കരാറുകാരന് നൽകാനിടയായി. അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (23/21-22)/08.02.2023 മറുപടി ലഭ്യമാക്കിയിട്ടില്ല. സ്ഥല പരിശോധനയിൽ പ്രവൃത്തി നടത്തിയിട്ടില്ലാത്ത മേൽ പരാമർശിച്ച 1.22$m^3$ ഐറിഷ് ഡ്രൈൻ പ്രവൃത്തിയുടെ ചെലവ് തുക (ആകെ-10393.35/- രൂപ) ഓഡിറ്റ് നിരാകരിക്കുന്നു. മെഷർമെന്റ് രേഖപ്പെടുത്തിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ചെക്ക് മെഷർ ചെയ്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും നഷ്ട തുക ഈടാക്കേണ്ടതാണ്. കൂടാതെ ഫോംവർക്കിന് അധികം അനുവദിച്ച തുക കൂടി കണക്കാക്കി കരാറുകാരനിൽ നിന്ന് തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

### 1-24 നിയമോപദേശത്തിന് അനുവദനീയമായതിനേക്കാൾ കൂടുതൽ ഫീസ് നൽകി

ഗ്രാമപഞ്ചായത്തിന്റെ ഭരണപരമായ കാര്യങ്ങളിൽ രേഖകൾ പരിശോധിച്ച് നിയമോപദേശം നൽകുന്നതിന് 2003ലെ കേരള പഞ്ചായത്ത് രാജ് (കേസുകളുടെ നടത്തിപ്പും നിയമോപദേഷ്ടാക്കൾക്ക് ഫീസ് നൽകലും) ചട്ടങ്ങളിലെ ചട്ടം5(iii) പ്രകാരം 500/- രൂപയിൽ കവിയാതെയുള്ള ഫീസ്

നൽകുന്നതിനേ അനുമതിയുള്ളു. എന്നാൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്ത് കുടുംബശ്രീക്ക് വേണ്ടി നിർമ്മിച്ച വിപണനകേന്ദ്രത്തിന് കെട്ടിട നമ്പർ നൽകുന്നതുമായി ബന്ധപ്പെട്ട വിഷയത്തിൽ നിയമോപദേശം നൽകിയതിനുള്ള ഫീസായി അഡ്വക്കറ്റ് ശ്രീ.സനൂജ്.എ, അഡിഷണൽ ഗവർമ്മെണ്ട് പ്ലീഡർക്ക് 20.01.2022ലെ 22100752 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം 2,000/- രൂപ നല്കിയിട്ടുണ്ട്.

നിയമോപദേശത്തിനായി ചട്ടത്തിൽ നിർദ്ദേശിച്ചതിനേക്കാൾ കൂടുതൽ തുക നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 14/2021-22 തീയതി 08.02.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ചട്ടപ്രകാരം അനുവദനീയമായതിനേക്കാൾ അധികമായി നൽകിയ 1,500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-25 കിണർ കുഴിക്കുന്നതിനുള്ള അനുമതി - കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ നിർദ്ദേശങ്ങൾ പാലിക്കപ്പെടുന്നില്ല

സെക്രട്ടറിയുടെ അനുമതി കൂടാതെ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പുതിയ കിണറുകൾ കുഴിക്കാൻ പാടുള്ളതല്ല എന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ് ചട്ടങ്ങളിലെ ചട്ടം 75(1) വ്യക്തമാക്കിയിട്ടുണ്ട്. തെരുവുകളിൽ നിന്ന് കിണറിന്റെ അകലം ഒരു കെട്ടിടത്തിന് ആവശ്യമായ അകലത്തിന് തുല്യമായിരിക്കണമെന്നും, മറ്റ് അതിരുകളിൽ നിന്ന് കിണറിന് 1.20 മീറ്റർ അകലമുണ്ടായിരിക്കണമെന്നും, നിലവിലുള്ള കിണറിൽ നിന്ന് 7.5 മീറ്റർ വ്യാസാർദ്ധത്തിനുള്ളിൽ ലീച്ച് പിറ്റ്, സോക്ക് പിറ്റ്, ജൈവമാലിന്യ കുഴി, എർത്ത് ക്ലോസറ്റ്, സെപ്റ്റിക്ക് ടാങ്ക് എന്നിവ നിർമ്മിക്കാൻ പാടില്ല എന്നും, കിണർ 1 മീറ്റർ ഉയരമുള്ള മതിൽ കെണ്ട് സംരക്ഷിക്കേണ്ടതാണ് എന്നും മേൽ ചട്ടങ്ങളിലെ 75(2) ൽ വ്യക്തമാക്കിയിട്ടുണ്ട്. ഭൂഗർഭ ജലത്തിന്റെ ശുദ്ധതയും ഗുണമേൻമയും ഉറപ്പുവരുത്തുന്നതിനായാണ് മേൽ നിബന്ധനകൾ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

തിരുവള്ളൂർ ഗ്രാമപഞ്ചായത്തിലെ പെർമ്മിറ്റ് രജിസ്റ്റർ പ്രകാരം 2021-22 സാമ്പത്തിക വർഷം 266 പെർമ്മിറ്റ് അപേക്ഷകൾ ലഭിച്ചിട്ടുണ്ടെങ്കിലും അതിൽ ഒരു അപേക്ഷ മാത്രമാണ് കിണർ കുഴിക്കുവാനുള്ള അനുമതി സംബന്ധിച്ചുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 85 ഗുണഭോക്താക്കൾക്ക് കിണർ കുഴിച്ച് നൽകാൻ ഗ്രാമപഞ്ചായത്ത് പദ്ധതി തയ്യാറാക്കുകയും ഫീസിബിലിറ്റി സർട്ടിഫിക്കറ്റിനായി 27.10.2021 ലെ 22100509 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം 1,64,475/- രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റിൽ അടവാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളാരും പെർമ്മിറ്റിന് അപേക്ഷിച്ചിട്ടുള്ളതായി കാണുന്നില്ല. ഗ്രാമപഞ്ചായത്തിന്റെ സ്വന്തം പദ്ധതികളിൽ പോലും കിണർ നിർമ്മാണം സംബന്ധിച്ച ചട്ടങ്ങൾ പാലിക്കപ്പെടുന്നില്ല എന്നത് അംഗീകരിക്കാവുന്നതല്ല. കിണർ നിർമ്മാണം നിയന്ത്രിക്കുന്നതിനായി 2019ലെ കേരള പഞ്ചായത്ത്‌രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകൾ കർശനമായി പാലിക്കപ്പെടുന്നുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്.

### 1-26 പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തുന്നതിൽ വീഴ്ച

രണ്ട് നില വരെയുള്ള താമസകെട്ടിടങ്ങളും, 50 ചതുരശ്രമീറ്റർ വരെയുള്ള വാണിജ്യ കെട്ടിടങ്ങളും, മതപരമായ കെട്ടിടങ്ങളും, ഗ്രൂപ്പ് G1, G2, I എന്നിവയിൽ ഉൾപ്പെട്ട കെട്ടിടങ്ങളും ഒഴികെയുള്ള എല്ലാ കെട്ടിടങ്ങളും ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷത്തിനുള്ളിൽ പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്തേണ്ടതാണെന്ന് 2019ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ് ചട്ടങ്ങളിലെ ചട്ടം 21(1) ൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ ഒക്യുപെൻസി സർട്ടിഫിക്കറ്റ് നൽകി 2 വർഷം കഴിഞ്ഞ് ഏത് സമയത്തും പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടത്താവുന്നതാണെന്ന് മേൽ ചട്ടത്തിലെ ചട്ടം 21(2)ലും വ്യക്തമായിട്ടുണ്ട്. ഒക്യുപെൻസി സർട്ടിഫിക്കറ്റ് ലഭിച്ചതിന് ശേഷം കെട്ടിടങ്ങളുടെ ഘടനയിൽ മാറ്റവരുത്തലുകളും അനധികൃതമായ കൂട്ടിച്ചേർക്കലുകളും നടക്കാൻ സാധ്യതയുള്ളതിനാലാണ് മേൽ നിബന്ധനകൾ കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. എന്നാൽ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ മേൽ

ചട്ടപ്രകാരമുള്ള പരിശോധനകൾ നടക്കുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 16/2021-22 തീയതി 08.02.2023) മറുപടി ലഭിച്ചിട്ടില്ല. ചട്ടപ്രകാരം പോസ്റ്റ് ഒക്യുപെൻസി ഓഡിറ്റ് നടക്കുന്നുണ്ട് എന്ന് ഉറപ്പ് വരുത്തേണ്ടതും ഇതു സംബന്ധിച്ച വിവരങ്ങൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-27 മഴക്കാലപൂർവ്വ ശുചീകരണം - ചെലവ് രേഖകൾ ഹാജരാക്കിയില്ല

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിലെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2021-22 സാമ്പത്തിക വർഷം വാർഡ് സാനിറ്റേഷൻ കമ്മിറ്റികൾക്ക് താഴെ പറയും പ്രകാരം ആകെ 4,00,000/- രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം | സാംഖ്യാ വൗച്ചർ നമ്പർ / തീയതി | തുക |
|---|---|---|
| 1 | 22100162 തീയതി 10.06.2021<br>(തനത് ഫണ്ട്) | 2,00,000 |
| 2 | 22100163 തീയതി 10.06.2021<br>(ശുചിത്വമിഷൻ ഫണ്ട്) | 2,00,000 |
| ആകെ | | 4,00,000 |

എന്നാൽ മേൽ തുക ചെലവഴിച്ച് നടത്തിയ പ്രവർത്തനങ്ങളെ സംബന്ധിച്ച വിശദാംശങ്ങളും ചെലവു രേഖകളും പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 17/2021-22 തീയതി 08.02.2023) മറുപടി ലഭ്യമാക്കുകയോ രേഖകൾ ഹാജരാക്കുകയോ ചെയ്തിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവുതുക 4,00,000/- രൂപ തടസ്സപ്പെടുത്തുന്നു. രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-28 തുമ്പോളി മുക്ക് കുടിവെള്ള സപ്ലൈ-പൂർത്തീകരണം -ബില്ലിൽ കൂടിയ നിരക്ക് നൽകി

പ്രോജക്റ്റ് നം- 179/21-22 (SO)

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനിയർ

വകയിരുത്തിയ തുക- 2100000/-

ചെലവ്- 385884/-

ബിൽ നം 1) 21170352013501521309 Dtd 30-03-22 , Rs. 285884/-

2) 21170352013501523458 Dtd 30-03-22 Rs. 100000/-

എം ബുക്ക് നം 626/21-22

തിരുവല്ലൂർ ഗ്രാമപഞ്ചായത്തിലെ വാർഡ് 6ൽ ഉൾപ്പെട്ട തുമ്പോളിമുക്ക് കുടിവെള്ള പദ്ധതിയുടെ

പൂർത്തീകരണത്തിന് വേണ്ടിയുള്ള ടാങ്ക് നിർമ്മാണം, വാട്ടർ സപ്ലൈ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്നീ പ്രവൃത്തികൾ ചെയ്യുന്നതിന് വേണ്ടിയാണ് 2,100,000/- രൂപ വകയിരുത്തി പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. പദ്ധതി ഇ-ടെണ്ടറാണ് ചെയതിരിക്കുന്നത്. ടെണ്ടറിൽ പങ്കെടുത്തത് ആകെ രണ്ട് കരാറുകാരാണ്. ശ്രീ.ലിജിൻ.ടി, ശ്രീ. ജോസഫ് സെബാസ്റ്റ്യൻ എന്നിവരാണ്

ഇതിൽ കരാർ ലഭിച്ചത് ഐറ്റംവൈസ് റേറ്റ് ക്വട്ടേഷനിൽ കുറവ് തുക ക്വോട്ട് ചെയ്ത ശ്രീ.ലിജിൻ.ടി യ്ക്ക് ആണ്. എന്നാൽ മേൽ പരാമർശിച്ച പ്രവത്തിയുടെ ഫസ്റ്റ് & സെക്കന്റ് ബിൽ തയ്യാറാക്കിയപ്പോൾ ടെണ്ടറിൽ കൂടുതൽ തുക ക്വാട്ട് ചെയ്ത ശ്രീ. ജോസഫ് സെബാസ്റ്റ്യൻ എന്നവർ ക്വോട്ട് ചെയ്ത കൂടിയനിരക്കിലുള്ള തുകയ്ക്കാണ് ബിൽ തയ്യാറാക്കിയതും തുക നൽകിയതും. ഇതിനാൽ ഒരോ ഇനത്തിനും തുക നൽകിയപ്പോൾ കൂടുതൽ തുക നൽകാനിടയാക്കിയിട്ടുണ്ട്.

ബിൽ തയ്യാറാക്കുമ്പോൾ സംഭവിച്ച ഈ അപാകത മൂലമുണ്ടായ നഷ്ട തുക എത്രയെന്ന് കണക്കാക്കി തുടർ ബില്ലിൽ കുറവ് ചെയ്യേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

1-29 ഓഫീസ് സ്റ്റേഷനറിയുടെ വിതരണം സംബന്ധിച്ച വിവരങ്ങളില്ല

ഓഫീസ് ഉപയോഗത്തിനായി ഗ്രാമലക്ഷ്മി മുദ്രാലയത്തിൽ നിന്ന് വാങ്ങുന്ന ഫോറങ്ങൾ, രജിസ്റ്ററുകൾ, ലോക്കൽ പർച്ചേസ് മുഖേന വാങ്ങുന്ന സ്റ്റേഷനറി വസ്തുക്കൾ തുടങ്ങിയവ സ്റ്റോക്കിലെടുക്കുന്നത് സെക്രട്ടറിയോ ചുമതലപ്പെട്ട മറ്റ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്നില്ല. കൂടാതെ സ്റ്റോക്കിലെടുത്ത വസ്തുക്കളുടെ വിതരണം സംബന്ധിച്ച് യാതൊരു രേഖയും സൂക്ഷിക്കുന്നില്ല.

20121-22 സാമ്പത്തിക വർഷം വാങ്ങിയ ഓഫീസ് സ്റ്റേഷനിയുടെ വിലയായി 10.02.2022ലെ 22100884 നമ്പർ സാംഖ്യാ വൗച്ചർ പ്രകാരം വടകര ത്രിവേണി സൂപ്പർ മാർക്കറ്റ് മാനേജർക്ക് 28,945/- രൂപ നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഇൻവോയിസ് നം / തീയതി | തുക | വാങ്ങിയ സാധനങ്ങൾ/എണ്ണം |
|---|---|---|---|
| 1 | 261/8/9943<br>തീയതി 24.09.2021 | 8,841 | ഫയൽ പാഡ്-200<br>റൈറ്റിങ്ങ് പാഡ്- 2<br>വലിയ ടാഗ്- 4 Bundle<br>ചെറിയ ടാഗ്- 1 Bundle<br>വലിയ സെല്ലോടാപ്പ്- 1<br>നൂൽ- 2 Bundle |

| | | | |
|---|---|---|---|
| | | | കറക്ഷൻ പെൻ- 2<br>ഗം സ്റ്റിക്ക്-5<br>നോട്ടീസ് ബോർഡ് പിൻ-1 Box<br>ജെൽ പേന -5<br>പേന -24<br>രജിസ്റ്റർ (150പേജ്)-10<br>രജിസ്റ്റർ (250 പേജ്)- 10<br>ഓഫീസ് പിൻ - 5 Box<br>പേപ്പർ ക്ലിപ്പ് - 2 Box |
| 2 | 261/8/10358<br>തീയതി 21.10.2021 | 19,900 | എൻവലപ്പ് - 200<br>A4 ഫോട്ടോസ്റ്റാറ്റ് പേപ്പർ - 100 Bundle |
| 3 | 261/8/11295<br>തീയതി 09.11.2021 | 204 | ഡബിൾ സൈഡ് കാർബൺ - 1 Bundle |
| ആകെ | | 28,945 | |

മേൽപ്പറഞ്ഞവ സ്റ്റേഷനറി സ്റ്റേക്ക് രജിസ്റ്റർ വോള്യം-2, പേജ് നമ്പർ 130, 133 എന്നിവയിൽ സ്റ്റോക്കിലെടുത്തതായി കാണിച്ചിട്ടുണ്ടെങ്കിലും വിതരണം സംബന്ധിച്ച രേഖകൾ സൂക്ഷിക്കാത്തതിനാൽ അവ ഏതെല്ലാം തീയതികളിലായാണ് വിതരണം ചെയ്തത് എന്നും ആർക്കൊക്കെ വിതരണം ചെയ്തു എന്നും പരിശോധിച്ച് ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല. വിതരണ വിവരങ്ങളും ശേഷിക്കുന്ന സ്റ്റോക്കും പരിശോധനയ്ക്ക് ഹാജരാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/2021-22 തീയതി 08.02.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും വിതരണ വിവരങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്. കൂടാതെ ഓഫീസ് ഉപയോഗത്തിനായി വാങ്ങുന്ന ഫോറങ്ങൾ, രജിസ്റ്ററുകൾ, സ്റ്റേഷനറി വസ്തുക്കൾ തുടങ്ങിയവ സ്റ്റേക്കിലെടുക്കുന്നത് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതും, സ്റ്റോക്കിലെടുത്ത വസ്തുക്കളുടെ വിതരണം കൃത്യമായി രേഖപ്പെടുത്തേണ്ടതും, ഭൗതിക പരിശോധനകൾ നടത്തി നീക്കിയിരുപ്പിന്റെ കൃത്യത ഇടയ്ക്കിടെ ഉറപ്പുവരുത്തേണ്ടതുമാണ്.

1-30 സംയുക്തപരിശോധന നടത്താതെ വെള്ളക്കരം അടവാക്കിയത് മൂലം ഗ്രാമപഞ്ചായത്തിന് സാമ്പത്തിക നഷ്ടം

കേരള വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടീസ് പ്രകാരം തിരുവള്ളൂർ ഗ്രാമപഞ്ചായത്തിൽ 70 പൊതു കുടിവെള്ള ടാപ്പുകളാണ് ഉള്ളത്. ടാപ്പൊന്നിന് 5,512.50/- രൂപ വാർഷിക നിരക്കിൽ 70 ടാപ്പുകൾക്കായി പ്രതിമാസം 32,159/- രൂപയാണ് വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്ത് വന്നിരുന്നത്. 2021-22 സാമ്പത്തിക വർഷം വെള്ളക്കരമായി ഗ്രാമപഞ്ചായത്ത് 3,86,551/- രൂപ വാട്ടർ അതാറിറ്റിയിൽ അടവാക്കിയിട്ടുണ്ട്.

വാട്ടർ അതോറിറ്റിയിൽ നിന്നുള്ള ഡിമാന്റ് നോട്ടിസിനെ മാത്രം അടിസ്ഥാനമാക്കിയാണ് പ്രതിമാസ വെള്ളക്കരം അടവാക്കിയിട്ടുള്ളത്. നാളിതുവരെ ഗ്രാമപഞ്ചായത്തിലെ പൊതുടാപ്പുകളുടെ എണ്ണം വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്തപരിശോധന നടത്തി തീർച്ചപ്പെടുത്തുകയോ ആകെ ടാപ്പുകളുടെ എണ്ണവും അവ സ്ഥിതി ചെയ്യുന്ന സ്ഥലവും രേഖപ്പെടുത്തിയിട്ടുള്ള സ്ട്രീറ്റ് ടാപ്പ് രജിസ്റ്റർ സൂക്ഷിക്കുകയോ ചെയ്തിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 23.12.2021ലെ 38/21 നമ്പർ തീരുമാന പ്രകാരം വാർഡ് മെമ്പർമാർ മുഖേന ഓരോ വാർഡിലെയും പ്രവർത്തനക്ഷമമായ ടാപ്പുകളുടെ കണക്കെടുത്തിട്ടുണ്ട്. അതു പ്രകാരം ഗ്രാമപഞ്ചായത്തിൽ ആകെയുള്ള 70 ടാപ്പുകളിൽ വാർഡ് 1 (വള്ള്യാട്)ലെ രണ്ട് ടാപ്പുകൾ മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമമായിട്ടുള്ളത്. ഇവ പോലും ഭാഗികമായി മാത്രമേ പ്രവർത്തിക്കുന്നുള്ളു എന്നാണ് വാർഡ് മെമ്പർ സാക്ഷ്യപ്പെടുത്തിയിട്ടുള്ളത്. മേൽ കണക്കെടുപ്പിന്റെയും 27.12,2021ലെ 11/2 നമ്പർ ഭരണസമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ആവശ്യമായ പരിശോധന നടത്തി കുടിവെള്ള ടാപ്പുകളുടെ എണ്ണം 12 ആയി നിജപ്പെടുത്തി വെള്ളക്കരത്തിൽ കുറവു വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ഗ്രാമപഞ്ചായത്ത് കേരള വാട്ടർ അതോറിറ്റി വടകര സെക്ഷൻ എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട് (23.05.2022ലെ ബി.2 6846/21 നമ്പർ കത്ത്). പ്രസ്തുത കത്തിൽ വാർഡ് 1 ലെ രണ്ട് ടാപ്പുകൾക്ക് പുറമേ വാർഡ് 3 ലെ (പൈങ്ങോട്ടായി) 10 ടാപ്പുകൾ കൂടി പ്രവർത്തനക്ഷമമാണെന്ന് പറയുന്നുണ്ടെങ്കിലും പ്രവർത്തനക്ഷമമായ ടാപ്പുകളെ സംബന്ധിച്ച് പ്രസ്തുത വാർഡിലെ മെമ്പർ നൽകിയ റിപ്പോർട്ടിൽ അപ്രകാരം സാക്ഷപ്പെടുത്തിയിട്ടില്ല.

സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം തിട്ടപ്പെടുത്താതെ വെള്ളക്കരം അടവാക്കിയത് മൂലം ഗ്രാമപഞ്ചായത്തിന് വലിയ സാമ്പത്തിക നഷ്ടമാണ് വന്നിട്ടുള്ളത്. പ്രവർത്തനക്ഷമായി ആകെയുള്ള രണ്ട് ടാപ്പുകൾക്കായി 11,025/- രൂപ (2 X 5,512.50) മാത്രം അടവാക്കേണ്ടിയിരുന്നതിന് പകരം 3,86,551/- രൂപയാണ് ഓഡിറ്റ് വർഷം വെള്ളക്കരമായി

അടവാക്കിയിട്ടുള്ളത്. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 20/2021-22 തീയതി 08.02.2023) മറുപടി ലഭിച്ചിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതും, കൂടതലായി നൽകിയ വെള്ളക്കരം കണക്കാക്കി ആയത് തിരികെ ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സംയുക്തപരിശോധന നടത്തി പൊതുടാപ്പുകളുടെ എണ്ണം കൃത്യമായി തിട്ടപ്പെടുത്താത്തത് മൂലം സാമ്പത്തിക നഷ്ടം തുടരുന്ന പക്ഷം ആയത് ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരുടെ വ്യക്തിപരമായ ബാധ്യതയായി നിജപ്പെടുത്തുന്നതാണ്.

1-31 ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയ്ക്ക് ഫോം വർക്കിനുള്ള ഡാറ്റ പ്രകാരം എസ്റ്റിമേറ്റ് എടുക്കുകയും തുക നൽകുകയും ചെയ്തു.

പഞ്ചായത്തിലെ റോഡ്/ഡ്രൈനേജ് പ്രവൃത്തികളിൽ ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്ക് ഫോം വർക്ക് ആവശ്യമുള്ള ഡാറ്റ ഉപയോഗിച്ച് എസ്റ്റിമെറ്റ് ഉണ്ടാക്കുകയും പ്രവൃത്തി ചെയതതായി മെഷർമെന്റ് എടുക്കുകയും, ചെക്ക് മെഷർ ചെയ്ത് കരാറുകാരന് തുക നൽകുകയും ചെയ്യുന്ന പ്രവണത ഉള്ളതായി കാണുന്നു. രണ്ട് ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

1) കൊയിലോത്ത് കണ്ടി ബോർഡ്പള്ളിക്കുന്ന് റോഡ് പ്രവൃത്തി

പ്രോജക്റ്റ് നം- 10/21-22 (New)

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനിയർ

വകയിരുത്തിയ തുക- 495000/- (MG-Road)

ചെലവ്- 481696/-

ബിൽ നം- 2117035201350148476 Dtd 26-03-22

M Book No-637/21-22, 640/21-22

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം കൊയിലോത്ത് കണ്ടി ബോർഡ് പള്ളിക്കുന്ന് റോഡ് റീടാർ ചെയ്യുന്നതിനും റോഡിന് ഇരുവശവും ഐറിഷ് ഡ്രെയിൻ ചെയ്ത് സംരക്ഷിക്കുന്നതിനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. 08-02-2022 -ൽ നടത്തിയ സ്ഥല പരിശോധനയിൽ റോഡ് നിർമ്മാണവും ഐറിഷ് ഡ്രെയിൻ നിർമ്മാണവും പൂർത്തീകരിച്ചതായി കണ്ടു. എന്നാൽ എം ബുക്ക് നം 640/21-22ൽ ഐറ്റം നം 11 ആയി രേഖപ്പെടുത്തിയിരിക്കുന്ന 347.1 മീറ്റർ നീളത്തിലുള്ള PCCവർക്ക് (ഐറിഷ് ഡ്രെയിൻ) 11.4.3.1 എന്ന ഡാറ്റയിലാണ് എസ്റ്റിമേറ്റ് എടുത്തിരിക്കുന്നതും തുക നൽകിയിരിക്കുന്നതും. എന്നാൽ സ്ഥല പരിശോധനയിൽ റോഡിന് ഇരുവശത്തും ഫോം വർക്ക് ഉപയോഗിച്ചല്ല പ്രവൃത്തി ചെയ്തിരിക്കുന്നത് എന്ന് ബോദ്ധ്യപ്പെട്ടു. ഈ ഡാറ്റയിൽ ആകെ ചെയ്ത 7.843m$^3$ന് 7606/- രൂപ നിരക്കിൽ തുക അനുവദിച്ചിട്ടുണ്ട്. ഇതിന്റെ 4% ഫോം വർക്കിനാണ് നൽകിയിരിക്കുന്നത്. അതായത് ചെയ്യാത്ത

പ്രവൃത്തിയ്ക്കാണ് തുക നൽകിയിരിക്കുന്നത്.

2) തിരുവള്ളൂർ ഹൈസ്കൂൾ റോഡ് ഡ്രൈനേജ് നിർമ്മാണം

പ്രോജക്റ്റ് നം- 13/21-22 (New)

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനിയർ

വകയിരുത്തിയ തുക- 450000/-

ചെലവ്- 400930/-

ബിൽ നം- 1) 21170352013501532188 Dtd 30-03-22, Rs-368000/-

2) 21170352013501532247 Dtd 30-03-22, Rs- 32930/-

M Book No-646/21-22

എസ്റ്റിമേറ്റ് റിപ്പോർട്ട് പ്രകാരം 60.76 Mtr നീളത്തിലും 0.9mtr വീതിയിൽ നിലവിലെ ഡ്രൈനേജ് പൊളിച്ചുമാറ്റി പുതിയത് നിർമ്മിക്കാനാണ് ഉദ്ദേശിച്ചിരിക്കുന്നത്. എം ബുക്ക് പ്രകാരം 60.76 Mtr നീളത്തിലും 0.9 Mtr വീതിയിലും 0.10 Mtr Depth ലും എസ്കവേറ്റ് ചെയ്ത് 60.76 Mtr നീളത്തിലും 0.9 Mtr വീതിയിലും 0.15 Mtr Depth -ലും ആകെ 8.15$m^3$ -ൽ ഐറ്റം നം 3 ആയും ഡാറ്റ 11.4.1.1 പ്രകാരവും Drain Bed PCC വർക്ക് ചെയ്തിട്ടുണ്ട്. എം ബുക്കിലെ ഐറ്റം നം 1 പ്രാകാരം ഡിസ്മാന്റിൽ ചെയ്ത അതേ നീളത്തിലും വീതിയിലുമാണ് ഐറ്റം നം 3 പ്രകാരമുള്ള PCC വർക്ക് ചെയ്തിരിക്കുന്നത്. അതായത് ഈ പ്രവൃത്തിയ്ക്ക് യഥാർത്ഥത്തിൽ ഫോം വർക്ക് ആവശ്യമില്ലാത്തതാണ്. എന്നാൽ പ്രവൃത്തി എസ്റ്റിമേറ്റിലും എം ബുക്കിലും ബില്ലിലും ഫോം വർക്കിനുള്ള ഡാറ്റ പ്രകാരമാണ് തുക നൽകിയത്. ഈ ഡാറ്റയിൽ ആകെ ചെയ്ത 8.15$m^3$ ന് 4% ഫോം വർക്കിനാണ് നൽകിയിരിക്കുന്നത്. അതായത് ചെയ്യാത്ത പ്രവൃത്തിയ്ക്കാണ് തുക നൽകിയിരിക്കുന്നത്.

ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തിയ്ക്ക് തെറ്റായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും മെഷർമെന്റ് എടുത്ത് തുക നൽകുകയും ചെയ്യുന്നത് ശരിയായ നടപടിയല്ല. ഇത് പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടാക്കുന്നു. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (24/21-22) മറുപടി ലഭ്യമാക്കിയിട്ടില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|---|
| 2021-22 | 06.02.2023, 06.02.2023 | ഈ റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു |

### 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 300000 | നിറപറ നെല്ല് വിത്ത് കുമ്മായം കൂലിചെലവ് സബ്സിഡി | 300000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 20000 | നിറപറ നെല്ല് വിത്ത് കുമ്മായം കൂലിചെലവ് സബ്സിഡി | 20000 | 0 |
| ജില്ലാ പഞ്ചായത്ത് | 2021-22 | 600000 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 600000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 651200 | ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 651200 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 249865 | കാലിത്തീറ്റ സബ്സിഡി | 249865 | 0 |

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2021-22 | 250000 | ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 250000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 100000 | തുമ്പോളിമുക്ക് കുടിവെള്ള പദ്ധതി ടാങ്ക് നിർമ്മാണം | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 10965 | ജനകീയ ഹോട്ടൽ വാടക, വൈദ്യുതി | 10965 | 0 |

## 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകകളുടെ വിവരങ്ങൾ

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | UTR No- RBI 0602225065125 | 972320 | 972320 | 0 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പ / വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല. ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി ലോൺ- ലൈഫ് | സ.ഉ (സാധാ) നം.G.0(MS)68/2018 Dtd.18.05.2018 | 0 | 4724397 | 234667 | | 4489730 |

## 4-6 സ്ഥിരനിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 54,85,782 |
| തൻവർഷം നിക്ഷേപിച്ച തുക (പലിശ) | 4,00,891 |
| ആകെ | 58,86,673 |
| പലിശ | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 58,86,673 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| സ്ഥിരനിക്ഷേപം | 58,86,673 |
| ഷെയർ | 0 |
| ആകെ | 58,86,673 |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷി ക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2002-03 | 2006-07 | ഗ്രാമ പഞ്ചായത്തുകൾ – | പരാമർശം |

| | | | |
|---|---|---|---|
| 2-1 | 3.79.1.1 | കെട്ടിട നികുതി, തൊഴിൽ നികുതി, തനത് വരുമാനം യഥാസമയം പിരിച്ചെടുക്കാത്തതിനാൽ കാലഹരണപ്പെട്ടു. | തുടരുന്നു |
| 2002-03, 3(4) | 2006-07, 3.79.6.11 | മണൽ വിൽപ്പന | പരാമർശം തുടരുന്നു |
| 2002-03, 3-6 | 2006-07, 3.79.5.9 | തനത് ഫണ്ടിൽ നിന്ന് കുടിവെള്ള ജലസേജന പദ്ധതികൾക്ക് വൈദ്യുതി ചാർജ്ജ് നൽകി. | പരാമർശം തുടരുന്നു |
| 2002-03, 3-2 | 2006-07, 3.79.10.5 | പൈക്കാട്ട് കുന്ന് ജലസേചന പദ്ധതി | പരാമർശം തുടരുന്നു |
| 2002-03, 3-14 | 2006-07, 3-79.16.9 | സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചില്ല | പരാമർശം തുടരുന്നു |
| 2014-15, 2-4 | 2016-17, അനുബന്ധം-4 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു |
| 2015-16, 2-2 | 2016-17 അനുബന്ധം -5 | തൊഴിൽ നികുതി അപാകതകൾ | പരാമർശം തുടരുന്നു |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

| ഓഡിറ്റ് റിപ്പോർട്ട് വർഷം, ഖണ്ഡിക | സർട്ടിഫിക്കറ്റ് നമ്പർ, തീയതി | ഉത്തരവാദിയായവർ | ഉൾപ്പെട്ട തുക | റിമാർക്സ് |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2007-08<br>3-14, 3-16 | LF14922/Spl Cell/CSC/D2/13 | മുഹമ്മദ് ഷഫീഖ്.പി, സെക്രട്ടറി<br>ഷിബ (ഹൗസ്), എസ്.ബി കോളനി റോഡ്, മേട്ടം കുന്ന്, തലശ്ശേരി | 10758<br>10645 | തുടരുന്നു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 10,42,87,999 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,69,23,086 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,393 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 13,58,890 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 1-23 | - | 5196.5 | നിഖില ടി, അസി.എഞ്ചിനീയർ |
| 1-23 | - | 5196.5 | സീജ.എൻ.പി, അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-12 | 47354 | ഡോ.ഉഷ. മെഡിക്കൽ ഓഫീസർ, |

| | | |
|---|---|---|
| | | സി.എച്ച്.സി |
| 1-13 | 782047 | ഡോ.സുനിൽകുമാർ,<br>വെറ്ററിനറി സർജൻ |
| 1-14 | 125289 | സിന്ധു പി.ജി ,<br>സെക്രട്ടറി |
| 1-19 | 2700 | സിന്ധു പി.ജി ,<br>സെക്രട്ടറി |
| 1-24 | 1500 | സിന്ധു പി.ജി ,<br>സെക്രട്ടറി |
| 1-27 | 400000 | സിന്ധു പി.ജി ,<br>സെക്രട്ടറി |
| ആകെ | 13,58,890 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സീജ.എൻ.പി | അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയർ | ആനന്ദ് (വീട്)<br>പറവൂർ<br>കുത്തുപറമ്പ് |

| | | |
|---|---|---|
| ഡോ.ഉഷ,<br>മെഡിക്കൽ ഓഫീസർ<br>സി.എച്ച്.സി | അസിസ്റ്റന്റ് സർജൻ,<br>സി.എച്ച്.സി,<br>തിരുവള്ളൂർ | ശിവശ്രീ,<br>നടുവിലക്കണ്ടിയിൽ,<br>ചോമ്പാല |
| നിഖില ടി,<br>അസി.എഞ്ചിനീയർ | ലഭ്യമല്ല | മന്നാരത്ത്,<br>തലക്കുളത്തൂർ പി.ഒ<br>പുറക്കാട്ടിരി |
| വിഷ്ണുരാജ് എ,<br>ഡയറി എക്സ്റ്റൻഷൻ<br>ഓഫീസർ | ലഭ്യമല്ല | ലഭ്യമല്ല |
| ഡോ.സുനിൽകുമാർ,<br>വെറ്റിനറി സർജൻ | വെറ്റിനറി സർജൻ | ചെമ്പൻ (വീട്)<br>പറവൂർ<br>കണ്ണൂർ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിട പാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2002-03 | കെ.എസ്എ/കെകെഡി/പി5/ 1606/2022 തീയതി.20/10/2022 | 5 | 2-1, 3-2, 3-4, 3-6, 3-14 |
| 2006-07 | കെ.എസ്എ/കെകെഡി/പി5/ 1261/2022 തീയതി.20/10/2022 | 3 | 3-17, 3-19, 3-20, |
| 2007-08 | കെ.എസ്എ/കെകെഡി/പി5/ 1268/2022 തീയതി.20/10/2022 | 4 | 2-6(2), 3-14, 3-16, 3-17 |
| 2008-09 | കെ.എസ്എ/കെകെഡി/പി5/ 1273/2022 തീയതി.20/10/2022 | 8 | 2-1, 2-2, 2-5, 2-6, |

| | | | |
|---|---|---|---|
| | | | 2-7, 3-12, 3-14(2), 3-17 |
| 2009-10 & 2010-11 | എൽ.എഫ്/കെകെഡി/പി5/ 1296/2013 തീയതി.11/11/2013 | 16 | 3-2 മുതൽ 3-5 വരെ, 3-7മുതൽ 3-9 വരെ, 3-12, 3-13, 3-14, 3-15, 3-18, 3-19, 3-22, 3-24, 3-25, |
| 2013-14 & 2014-15 | കെ.എസ്എ/കെകെഡി/പി5/ 1274/2022 തീയതി.20/10/2022 | 3 | 2-2, 2-3, 2-4 |
| 2015-16 | കെ.എസ്എ/കെകെഡി/പി5/ 1269/2022 തീയതി.20/10/2022 | 5 | 2-2, 2-3, 3-1, 3-3, 3-6 |
| 2016-17 | കെ.എസ്എ/കെകെഡി/പി5/ 1272/2022 തീയതി.20/10/2022 | 5 | 2-5, 2-7, 3-2, 3-4, 3-6 |
| 2017-18 | കെ.എസ്എ/കെകെഡി/പി5/ 1605/2022 തീയതി.20/10/2022 | 6 | 2-3, 2-4(1), 3-3, 3-5, 3-7(1), 3-13 |
| 2018-19 | കെ.എസ്.എ/കെ.കെ.ഡി/ പി5/239/ 2020/ തീയതി 03/03/2020 | 27 | 1-6 മുതൽ 1-32 വരെ |
| 2019-20 | കെ.എസ്എ/കെകെഡി/പി5/ 1441/2021 തീയതി.08/11/2021 | 14 | 1-1-3 മുതൽ 1-14 വരെ |
| 2020-21 | കെ.എസ്എ/കെകെഡി/പി5/ 1442/2021 തീയതി.01/11/2021 | | 1-1 മുതൽ 1-37 വരെ |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ തിരുവള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്